
മഴച്ചിന്ത്
little KITEs

## ആശംസ .................

പൊതു വിദ്യാഭ്യസ രംഗത്ത് സാങ്കേതിക വിദ്യ പിച്ചവയ്ക്കാൻ തുടങ്ങിയ കാലത്ത് ആ മേഖലയിൽ കാലുറപ്പിച്ച് മുന്നേറിയ വിദ്യാലയമാണ് ഗവണ്മെന്റ് ഹൈസ്കൂൾ അവനവഞ്ചേരി.മറ്റേതൊരു വിദ്യാലയത്തിനും മാതൃകയാക്കാവുന്ന അസൂയാവഹമായ മുന്നേറ്റമാണ് അവനവഞ്ചേരി ഹൈ സ്കൂൾ കാഴ്ച്ച വച്ചുകൊണ്ടിരിക്കുന്നത്. 2009-10 ൽ മികച്ച സ്കൂ ൾ കമ്പ്യൂട്ടർ ലാബിനുള്ള പുരസ്ക്കാരം നേടിയെടുത്ത കാലം മുതൽ 2010-11 ൽ ഹരിത വിദ്യാലയം റിയാലിറ്റി ഷോ ക്യാഷ് അവാർഡ് , 2017-18 രണ്ടാം സെഷനിലും അതേ വിജയത്തിന്റെ ആവർത്തനം,2018-19 ലെ ആറ്റിങ്ങൽ സബ്ജില്ലാ ഐ.റ്റി മേളയിൽ ഓവറാൾ കിരീടം എന്നിങ്ങനെ നേട്ട പട്ടികകളിലൂടെ സാങ്കേതിക വിദ്യാ രംഗത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രമായി മാറി ഈ വിദ്യാലയം.ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് ഐ.സി.റ്റി പ്രവർത്തനങ്ങൾ പഠിക്കാൻ മാതൃകാ സ്കൂളായി തെരഞ്ഞെടുത്തത് അവനവഞ്ചേരി സ്കൂളിനെയാണ്.

ഇതേ വിദ്യാലയം ഒരു "മഴച്ചിന്തു" മായിവീണ്ടും മികവ് തെളിയിക്കാനൊരുങ്ങുകയാണ്. കുട്ടികളുടെ സർഗ്ഗ വൈഭവത്തിന്റെ തുടി താളങ്ങളുടെ മഴപ്പാട്ട്. കലയും സാങ്കേതിക വിദ്യയും കൈകോർത്തു വർണവിസ്മയം സൃഷ്ടിക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്മിസ്ട്രസ്
മായ എം ആർ



# വായനക്കാരോട് ................

പാഠ്യ പഠ്യേതര പ്രവർത്തനങ്ങളുടെ കാര്യത്തിൽ മറ്റേതൊരു വിദ്യാലയത്തെക്കാളും ഒരു മുഴം മുമ്പിലാണ് ഗവ.എച്ച്.എസ്.അവനവഞ്ചേരി.ഗുണമേന്മയുടെ കാര്യത്തിൽ ഞങ്ങൾ ഒരിക്കലും വിട്ടുവീഴ്ച ചെയ്യാറില്ല.മികവിന്റെ പാതയിൽ അതിവേഗം മുന്നേറുന്ന ഈ വിദ്യാലയത്തിന്റെ കിരീടത്തിൽ ഒരു പൊൻ തൂവൽക്കൂടി .ഞങ്ങൾ വിദ്യാർത്ഥികൾ ഞങ്ങളുടെ വിദ്യാലയത്തിനായി സമർപ്പിക്കുന്ന ഒരു ഡിജിറ്റൽ മാഗസിൻ " മഴച്ചിന്ത്". ഞങ്ങളിലെ സർഗാത്മകതയ്ക്ക് ചിറക് വിരിക്കാൻ ഒരു വേദിയായി ഈ മാഗസിനെ അവതരിപ്പിക്കുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.ഞങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമെല്ലാം ഇതിൽ ഇതൾ വിരിയുന്നു.ഞങ്ങളുടെ ഭാവനയുടെ ഈ സ്ഫുലിംഗങ്ങൾ സസന്തോഷം ഇവിടെ അണിനിരത്തട്ടെ. തെറ്റുകുറ്റങ്ങൾ പൊറുത്ത് ഈ സംഭാവനയെ സദയം അംഗീകരിച്ചാലും...

സ്റ്റുഡന്റ് എഡിറ്റേഴ്സ്





സ്നേഹ എം എസ്     ആരതി പി

# ഉള്ളടക്കം

**സ്നേഹസന്ദേശം..........................................................................8**
അപർണ ബി സുനിൽ..........................................................................8
**നൊമ്പരപ്പൂക്കൾ..........................................................................9**
സ്നേഹ എം എസ്..........................................................................9
**മഴയാകുന്ന സാക്ഷിയിൽ പൊലിയുന്ന ജീവൻ..........................................10**
ആരതി പി..........................................................................10
**Idioms In Hindi And English..............................................13**
അമർനാഥ് സി എസ്..........................................................................13
**സ്ത്രീയാകുന്ന വെളിച്ചം..........................................................................15**
മുഹമ്മദ് സാബിത് ജെ എൻ..........................................................................15
**സാങ്കേതികവിദ്യ വികസനത്തിന്റെ വഴികാട്ടി ..........................................17**
സ്നേഹ എം എസ്..........................................................................17
**ആഗോളതാപനവും മാനുഷികപ്രവർത്തനങ്ങളും..........................................19**
വിഷ്ണു എസ്..........................................................................19
**തോരാമഴ..........................................................................22**
ശാരി എസ് വി..........................................................................22
**William Wordsworth..........................................................................23**
ബാസിത് മുസ്തഫ..........................................................................23
**വേർപാട്..........................................................................25**
അഹമ്മദ് എ ജെ..........................................................................25
**Funny Maths..........................................................................26**
ദേവു എസ്..........................................................................26
**മരിക്കുന്ന കാർഷിക സംസ്കാരവും വളരുന്ന സാങ്കേതിക വിദ്യയും...........28**
ആരതി പി..........................................................................*28*
**ഹൃദയസഖി..........................................................................30**
ശാരി എസ് വി..........................................................................30
**आचार्य चाणक्य के सर्वश्रेष्ठ अनमोल विचार..........................................31**
ആരതി പി..........................................................................31

മഴച്ചിന്ത്
*******

ഹൃദയസ്പർശിനി........................................................................33
ആരതി എസ് എസ്.........................................................................33
ആസ്ട്രേലിയിലേക്കൊരു തീർത്ഥാടനം..................................................34
ആരതി പി..................................................................................34
മഷിക്കുപ്പിയുടെ അഹങ്കാരം !.........................................................38
അഖിൽ ആർ................................................................................38
പരിഹാസത്തിന്റെ ഫലം..................................................................40
വിഷ്ണു എസ്.................................................................................40
Ten Principles to make you mature.................................................42
വൈഷ്ണവി വി..............................................................................42
ഭൂമി നിനക്കായ്...........................................................................43
വിഷ്ണു എസ്.................................................................................43
ഓർമ്മകൾ.....................................................................................44
അമർനാഥ് സി എസ്.......................................................................44
ഭൂമിയുടെ രോദനം.........................................................................45
ആരതി പി..................................................................................45
മലയാളം പഴഞ്ചൊല്ലുകൾ.................................................................46
ശ്യാം കൃഷ്ണൻ..............................................................................46
Save Our Mother Earth....................................................................48
ശ്യാം കൃഷ്ണൻ..............................................................................48
വർഷകാലം...................................................................................49
സിദ്ധാർഥ് എസ്............................................................................49
വേഴാമ്പൽ പക്ഷി..........................................................................50
മുഹമ്മദ് സാബിത് ജെ എൻ..............................................................50
കാറ്റിൻ നാദം...............................................................................51
വിഷ്ണുഎസ്..................................................................................51
രാപ്പാടിയുടെ അന്ത്യം.....................................................................52
സ്നേഹ എം എസ്............................................................................52
Alphabetical Riddles........................................................................56

മഴച്ചിന്ത്

*******

ശ്രീരാഗ് ജെ എസ്.........56

**ഒരു അവധിക്കാലത്ത്.........57**

വൈഷ്ണവി വി.........57

**ഹിമദേവന്റെ മകൾ.........59**

അഖിൽ ആർ.........59

**A Friend.........62**

അപർണ ബി സുനിൽ.........62

**Tricky Riddles.........63**

വിഷ്ണു എസ്.........63

**പ്രകൃതി സുന്ദരി.........65**

സ്വാതി ജി നായർ.........65

**I Wrote Myself A letter.........66**

ബാസിത് മുസ്തഫ.........66

**ഒ എൻ വി കുറുപ്പ് -ജീവചരിത്രം.........67**

സിദ്ധാർഥ് എസ്.........67

**ബാല്യം.........69**

ആരതി എസ് എസ്.........69

**The Giving Tree.........70**

ആരതി പി.........70

**മനസ്സ്മന്ത്രിക്കുന്നു.........71**

അഭിജിത് എ എസ്.........71

**അമ്മ മലയാളം.........72**

അമർനാഥ് സി എസ്.........72

**Albert Einstein Biography.........73**

അഖിൽ ആർ.........73

**മഴത്തുള്ളികൾ.........75**

ശ്യാം കൃഷ്ണൻ.........75

**കേഴുന്ന അനാഥത്വം.........76**

ദേവു എസ്.........76

**എന്റെ മുത്തച്ഛൻ.........77**

**മഴച്ചിന്ത്**

*******

ആരതി പി...........................................................................................................................77

**ഞാൻ ഗുരു.........................................................................78**

മായ എം ആർ.......................................................................................................................78



മഴച്ചിന്ത്

*******

# സ്നേഹസന്ദേശം

അപർണ ബി സുനിൽ

സ്നേഹവും നന്മയും വിനയവുമാർദ്രമായ്
നിന്റെ മനസ്സിൽ നിറഞ്ഞിടേണം.
പിച്ച വയ്പിച്ച നടത്തിയ താതനും
താരാട്ടുപാടിയുറക്കിയൊരമ്മയും ,
എത്ര തിരക്കിനിടയിലുമിട നെഞ്ചിൽ
എന്നും അണയാതെയുണ്ടാകണം !
ബൗദ്ധിക ജീവിത ചിന്തകളാലെ
നഷ്ട  സ്വർഗ്ഗങ്ങൾ പണിഞ്ഞിടാതെ-
ലക്ഷ്യമതേകയായ് മുന്നോട്ടു നീങ്ങിയാൽ
എത്തേണ്ടിടത്തു നീ ചെന്നെത്തിടും !
കാലത്തിനൊപ്പം നാം സഞ്ചരിച്ചീടിലും
മാനവരൊ[1]ന്നാണെന്നോർത്തിടേണം
മറ്റുള്ള ജീവികൾക്കില്ല മതങ്ങളും ,
ജാതിയും നാമാലകറ്റരുത്!
ഒത്തൊരുമിച്ച കരം[2] കവർന്നിന്നുനാം
മുന്നോട്ടു പോയിടാം കൂട്ടുകാരെ ......!



********************************

1 മാനവർ -മനുഷ്യൻ

2 കരം -കൈ

# നൊമ്പരപ്പൂക്കൾ

## സ്നേഹ എം എസ്



ആകാശ സീമയിൽ[3] എന്നുമെന്നോർമകൾ
ആയിരം നക്ഷത്രമായ്ത്തിളങ്ങി .
വിണ്ണിൽ[4] നിറയുന്ന താരക[5]ളോരോന്നും
എന്നിലെ ഓർമ്മകളാകാം .
ഓർമ്മകൾ നൽകുന്ന സന്തോഷമാകാം
വിണ്ണിൽ വിരിയുന്ന പൂക്കൾ ....
ആദ്യമായ് കണ്ടതും ഇഷ്ടം പറഞ്ഞതും ,
ഇന്നുമെന്നോർമയിൽ നിറഞ്ഞിടുന്നു ....
ആദ്യമായെൻ കണ്ണിൽ നോക്കിയാ
നിമിഷത്തിൽ ,
ആ മനസ്സിലെ പ്രണയം ഞാനറിഞ്ഞു ....
ആ പ്രണയത്തിൻ നൈർമല്യം ,
അന്നെന്റെ മനസ്സിലായിരം ,
താരകളായ് പിറന്നു ....
എന്നുമെൻ മനസിലെ നൊമ്പരപ്പൂക്കളെ ,
ആ ചിരികൊണ്ടു മാച്ചുകളഞ്ഞു നീ ..
ആ മനസ്സിലെ ഭാരമെല്ലാമെന്തിനോ ,
നീ എന്നിൽ നിന്നും മറച്ചിടുന്നു ....
എന്നും ഞാൻ സന്തോഷമായിരിക്കാൻ
എന്തിനു നീ സ്വയമെരിഞ്ഞിടുന്നു?
ജീവിതത്തിൻ നിഗൂഢമാം സത്യങ്ങൾ ചിരിയും കരച്ചിലും,
ചേർന്നതാകാം നീ തന്ന സ്നേഹവും,
സ്വപ്നങ്ങളും എന്നുമെൻ മധുരമാമോർമയായ് .......

---

3 സീമ -അതിര്

4 വിണ്ണ് -ആകാശം

5 താരകം -നക്ഷത്രം

********************************

# മഴയാകുന്ന സാക്ഷിയിൽ പൊലിയുന്ന ജീവൻ....



**ആരതി പി**

ഇന്നും കോരിച്ചൊരിയുന്ന മഴയിൽ ആ അമ്മയുടെയും മകളുടെയും ജീവനുവേണ്ടിയുള്ളനിലവിളികൾ .ഉയർന്നുകൊണ്ടേയിരിക്കുന്നുഉപരിപഠനത്തിനായി കൊൽക്കത്തയിലേക്ക് പോയ ഗൗരി തന്റെ പഠനം പൂർത്തിയാക്കിയശേഷം നാട്ടിലേക്കു വരുകയായിരുന്നു.തീവണ്ടി യാത്ര അവൾക്കു ഏറെ പ്രിയമായിരുന്നു. തീവണ്ടിയിൽ ഇരിക്കുമ്പോഴും അവളുടെ ചിന്ത മുഴുവൻ തന്റെ അമ്മയെക്കുറിച്ചും താൻ ജനിച്ചുവളർന്ന നാടിനെക്കുറിച്ചുമായിരുന്നു.സമയം വൈകുന്നേരം ആറരയോടടുത്തപ്പോൾ വണ്ടി ചങ്ങനാശേരി റെയിൽവേ സ്റ്റേഷനിൽ എത്തി. ഗൗരി തന്റെ ബാഗുമായി തീവണ്ടിയിൽ നിന്നും പുറത്തേക്കിറങ്ങി.

ആകാശം മഴക്കാറുകൊണ്ട് മൂടപ്പെട്ടിരുന്നു അവൾ തന്റെ അമ്മയുടെവരവുംകാത്തുഏറെ നേരം റെയിവേ സ്റ്റേഷനിൽ നിന്നു.സമയം വളരെവേഗത്തിൽപൊയ്ക്കൊണ്ടേയിരുന്നു.ഒടുവിൽ ഗൗരി റെയിവേ സ്റ്റേഷൻ പരിസരത്തുനിന്നും ഒരു ടാക്സി വിളിച്ചുനാട്ടിലേക്കു പോയി.ടാക്സിയിൽ ഇരിക്കുമ്പോഴാണ് ഗൗരി ചിന്തിച്ചത്കഴിഞ്ഞ ദിവസം അമ്മ ഫോൺ ചെയ്തപ്പോൾ പറഞ്ഞിരുന്നു റെയിവേ സ്റ്റേഷനിൽ തനിക്കുവരാൻ കഴിഞ്ഞില്ലാ എങ്കിൽ ടൗണിലെ ബസ്സ്റ്റോപ്പിൽ വരാമെന്നു. ബസ്സ്റ്റോപ്പെത്തിയതും ഗൗരി

## മഴച്ചിന്ത്

*******

ഡ്രൈവറോടായി വണ്ടി നിർത്തുവാൻ ആവശ്യപ്പെട്ടു.ഗൗരിയുടെ നിർദ്ദേശപ്രകാരം ഡ്രൈവർ വണ്ടി നിർത്തി,കാശുവാങ്ങി അയാൾ മടങ്ങി. തന്റെ അമ്മയേയും കാത്തു റോഡരുകിൽ ഏകയായ് നിൽക്കുന്ന അവൾക്കു ചാറ്റൽ മഴ കൂട്ടായ് വന്നു.റോഡരികിൽ നിന്ന ഗൗരി മഴ പെയ്യുന്നതിനാൽ ബസ്സ്റ്റോപ്പിനുള്ളിലേക്കു കയറി നിന്നു.നിലാവ് പകർന്നു നൽകിയിരുന്ന ചന്ദ്രൻ ഇരുട്ടിലേക്ക് മറഞ്ഞു തുടങ്ങിയിരിക്കുന്നു.തന്റെ ദുഃഖങ്ങൾ മനസ്സിലൊളിപ്പിച്ചിരുന്ന കാർമേഘങ്ങൾ വിതുമ്പലോടെ പൊട്ടിക്കരഞ്ഞുതുടങ്ങിയിരിക്കുന്നു

മഴകൂടുതൽശക്തിയാർജിച്ചപ്പോൾആരുടെയൊക്കെയോസാമിപ്യംഅവൾക്കനുഭവപ്പെടുകയുണ്ടായി.ഏകയായിയാണ് താൻ ബസ്റ്റോപ്പിൽ നിൽക്കുന്നതെങ്കിലും ആ ചിന്ത അവളെ പരിഭ്രാന്തയാക്കിയില്ല.തന്റെഅമ്മയുടെസാന്നിധ്യംഅവളിൽഅനുഭവപ്പെട്ടുകൊണ്ടേയിരുന്നുസമയ മേറെ വൈകിയിട്ടും അവളുടെ അമ്മയെകാണുവാൻ ഇടയായില്ല.മദ്യ ലഹരിയിൽ അടിമയായി ഒരുകൂട്ടം യുവാക്കൾ കഴുകന്മാരുടെ ആവേശത്തിൽ ബസ്സ്റ്റോപ്പിനെ മറികടന്നു പോയിരുന്നു.അവർ പോകുന്നതുകണ്ട ഗൗരി ഭയചകിതയായി.എന്നിരുന്നാലും അവൾ ആശ്വസിച്ചു അവർതന്നെകടന്നുപോയല്ലോഎന്നോർത്തുഎന്നാൽഅവളുടെചിന്തതെറ്റായിരുന്നുകഴുകന്മാരെപ്പോലെനടന്നു നീങ്ങിയ യുവാക്കൾ ആരുമില്ലെന്നുറപ്പിച്ചു അവൾക്കുനേരെ പാഞ്ഞു ചെന്നു.മഴ കൂടുതൽ ശക്തിയാർജിച്ചിരുന്നു.തന്റെ അടുത്തേക്ക് വരുന്ന ആ കഴുകന്മാരെ കണ്ട് ഭയചകിതയായ അവൾ അവിടെനിന്ന് ഓടുവാൻ തുടങ്ങി.ഏകയായ അവൾക്കു അവരിൽ നിന്ന് രക്ഷപ്പെടുക എന്നത് അസാധ്യമായിരുന്നു.എളുപ്പത്തിൽ തന്നെ അവർ അവളെ കീഴ്പ്പെടുത്തി.അവരുടെ ബലമുള്ള കരസ്പർശനങ്ങൾ അവളെ വേദനിപ്പിച്ചുകൊണ്ടേയിരുന്നു.തങ്ങളുടെ ദാഹമകറ്റിയ അവർ അവളെ ഒരു ഇരുണ്ട ഗുഹയിലേക്ക് തള്ളിനീക്കി.ഇതു കണ്ട് നിസ്സഹായയായ മഴ ആർത്തലച്ചു പെയ്തുകൊണ്ടേയിരുന്നു.തന്നെ ഇരുട്ടിന്റെ മറവിലേക്കു തള്ളിനീക്കിയ ആ കഴുകന്മാർ തങ്ങളുടെ അടുത്ത ഇരക്കുവേണ്ടി അലഞ്ഞു തുടങ്ങിയിരിക്കുന്നു. ഒരു നിമിഷം അവൾക്കു എന്തെന്നില്ലാത്ത അനുഭൂതി ഉളവായി.തനിക്കു പരിചയമുള്ള ഒരു സാമിപ്യമായിരുന്നു അത്.ഒരു നിമിഷം അവൾ പിന്നിലേക്ക് തിരിഞ്ഞു നോക്കി.ആ കാഴ്ച കണ്ട അവളുടെ കണ്ണുകളിൽ ഇരുട്ട് നിറയുകയും മനസ്സിൽ സൂചി കുത്തിയതുപോലെ ഒരു മുറിവ് ഉളവാക്കുകയും ചെയ്തു.പതിയെ ആ സാമിപ്യം തന്റെ അമ്മയുടേതാണെന്നവൾ മനസ്സിലാക്കി.പകച്ചു നിന്ന അവൾ അലറിക്കൊണ്ട് ഒരു ഭ്രാന്തിക്ക് സമാനമായി അമ്മയുടെ അടുത്തേക്ക് ഓടിച്ചെന്നു. സ്ത്രീ എന്ന രണ്ടക്ഷരത്തിന്റെ മഹത്വം

## മഴച്ചിന്ത്

*******

തിരിച്ചറിയാതെ ആ കഴുകന്മാർ അവളുടെ അമ്മയെയും പിച്ചികീറിയിരിക്കുന്നു.എന്തൊക്കെയോ ഉരുവിടാൻ ആഗ്രഹിച്ചുകൊണ്ട് ആ അമ്മ അവളെ സ്പർശിച്ചു.തന്നിൽ നിന്നും എന്തോ പ്രതീക്ഷിച്ചുകൊണ്ട് അവർ അവളുടെ കാതുകളിൽ മന്ത്രിച്ചു.സ്ത്രീയുടെ മഹത്വം നഷ്ടപ്പെട്ട അവരുടെ കണ്ണുകൾ പതിയെ അടഞ്ഞു തുടങ്ങിയിരിക്കുന്നു.തന്റെ ജീവിതത്തിൽ നിന്ന് ആർജിച്ച അറിവുകൾ അവർ തന്റെ മകൾക്കു പകർന്നു നൽകിക്കൊണ്ട് ഈ ലോകത്തു നിന്നും വിടവാങ്ങി.തന്റെ അമ്മയുടെ വേർപാടിൽ ഈ ലോകം തകർക്കപ്പെട്ടതായി അനുഭവപ്പെട്ടു. അവൾ തന്റെ അമ്മയുടെ സാമീപ്യം മനസ്സിലാക്കിക്കൊണ്ട് ഉയർത്തെഴുന്നേൽക്കുകയും,തനിക്കും തന്റെ അമ്മയ്ക്കും ഉണ്ടായ അവസ്ഥ ഇനിയൊരു സ്ത്രീയും അനുഭവിക്കാതിരിക്കാൻ വേണ്ടി ലോകത്തിനു മുന്നിലേക്കവൾ ആ കഴുകന്മാരുടെ കണ്ണുകൾ ചൂഴ്ന്നെറിഞ്ഞിരിക്കുന്നു.ഇരുട്ടുനിറഞ്ഞ കണ്ണുകളെ വിധിയാകുന്ന നിഴലിലേക്കു അവൾ തള്ളിനീക്കി.നാളുകൾക്കുമുമ്പ് നിസ്സഹായവസ്ഥയിൽ പെയ്തുകൊണ്ടിരുന്ന ആ മഴ ഇന്ന് ആഹ്ലാദത്തോടെ ആ പെൺകുട്ടിയുടെ മനസ്സിനെ സാന്ത്വനിപ്പിക്കുന്നു...

*********************************

# Idioms In Hindi And English

അമർനാഥ് സി എസ്




1. A Figure among cyphers. – अंधों में काना राजा |
2. All is well that ends well. – अंत भला सो भला |
3. He that is warm thinks all are so. – आप सुखी तो जग सुखी |
4. Out of the frying pan into the fire. – आम से टपका बगल में अटका |
5. Self praise is no recommendation. – अपने मुहं मियां मिट्ठू मत बनो |
6. Haste makes waste/Hurry spoils curry. – आगे दौड़ पीछे चौड |
7. Out of sight, out of mind. – आँख ओझल पहाड़ ओझल |
8. Necessity is the mother of invention. – आवश्यकता अविष्कार की जननी है |
9. A blindman is no judge of colours. – अन्धा क्या जाने बसंत की बहार |
10. Blood is thicker than water. – अपना अपना, पराया पराया |

**മഴച്ചിന്ത്**

*******

**11. Handsome is that handsome does. –** अच्छा वही जो अच्छा कार्य करे **|**

**12.Prevention is better than cure. –** इलाज से परहेज अच्छा **|**

**13. A drop of the ocean. –** ऊंट के मुहं में जीरा **|**

**14. Example is better than precept. –** उपदेश देने से स्वयं उपदेशों पर चलना बेहतर है

**15. It takes two make a row/quarrel. –** एक हाथ से ताली नहीं बजती **|**

**16. Two kill two birds with one stone. –** एक पंथ दो काज **|**

**17-Union is strenght. –** एकता में बल **|**

**18. Silence is the best. –** एक चुप सौ सुख **|**

********************************

# സ്ത്രീയാകുന്ന വെളിച്ചം

## മുഹമ്മദ് സാബിത് ജെ എൻ

ഇന്ന് സമൂഹത്തിൽ വളരെയധികം വെല്ലുവിളികൾ നേരിടുന്നത് സ്ത്രീകളാണ്.സ്ത്രീസമത്വം ഉറപ്പാക്കിയിട്ടുംഅവർസമൂഹത്തിൽ നിന്നുംമാറ്റിനിർത്തപ്പെടുന്നു .പണ്ടുകാലങ്ങളിൽവീടിന്റെപിന്നാമ്പുറങ്ങളിൽ തളക്കപ്പെട്ട ജീവിതമാണ് സ്ത്രീകളുടേത്.ഇന്ന് സ്ത്രീകൾ ഉയർന്ന പദവികളിൽ പ്രശസ്തിയാർജ്ജിച്ചിട്ടുംഅവരുടെ സ്ഥാനം പുരുഷമേധാവിത്വത്തിന് കീഴിലാണ്.ഇന്നത്തെ സമൂഹത്തിൽ ഭൂരിഭാഗം സ്ത്രീകളും പലതരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയമാകുന്നു.മാനസികവും ശാരീരികവുമായ ചൂഷണം അവരിൽ പലവിധആഘാതങ്ങൾ



ഉണ്ടാക്കുന്നു.എന്നാൽ ഇവരിൽ നിന്ന് രക്ഷനേടാനായി ചൂഷണത്തിന്റെ ഇരുട്ടറകൾക്കുള്ളിൽ നിന്ന് നീതിയുടെ വെളിച്ചത്തിലേക്കു വരാൻപലരും മടിക്കുന്നു.സ്ത്രീകൾക്കുമേലുള്ള ആധിപത്യം വർദ്ധിച്ചു വരുകയാണ്.നീതിയുടെ വെളിച്ചത്തിലേക്കു വരാൻ ആഗ്രഹിക്കുന്നവരെ സമൂഹം പ്രോത്സാഹിപ്പിക്കുന്നില്ല,പകരം അവരെ അടിച്ചമർത്തുവാനാണ് ശ്രമിക്കുന്നത്.കൂടാതെ സാമൂഹിക വിരുദ്ധരെന്ന് മുദ്ര കുത്തുകയും ചെയ്യുന്നു.

## മഴച്ചിന്ത്

*******

ഭരണഘടന മൗലികാവകാശങ്ങളിൽ സ്ത്രീ–പുരുഷ സമത്വം ഉറപ്പാക്കിയിട്ടുണ്ട്.സ്ത്രീകൾക്കുമേലുള്ള അതിക്രമം ഇന്നൊരു സാമൂഹിക പ്രശ്നമായി മാറിയിരിക്കുന്നു.ഏതു സമയത്തും ഏതു കാലഘട്ടങ്ങളിലും പൊതുനിലങ്ങളിൽ സ്വതന്ത്രമായി സഞ്ചരിക്കാനുള്ള അവകാശം നമുക്ക് പ്രധാനം ചെയ്തിട്ടുണ്ട്.എന്നാൽ ഇന്നത്തെ സമൂഹത്തിലെ സ്ത്രീകൾ രാത്രി സമയങ്ങളിൽ പുറത്തിറങ്ങി നടക്കാൻ ഭയക്കുന്നു.അവരുടെ സ്വാതന്ത്ര്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നില്ല.സ്ത്രീകൾ അബലയാണെന്ന ചിന്താഗതിയുള്ളവരാണ് ഇന്നത്തെ സമൂഹത്തിലുള്ളവർ.അവരെ വാക്കുകളാൽ പ്രഹരിക്കുകയും പ്രവർത്തികളാൽ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നു.ഒരു കാലഘട്ടത്തിൽ സതി,ശൈശവവിവാഹം മുതലായ ദുരാചാരങ്ങൾ നിലനിന്നിരുന്നു.അന്ന് സ്ത്രീകളുടെ വാക്കുകൾക്കോ ആഗ്രഹങ്ങൾക്കോ പ്രാധാന്യം നൽകിയിരുന്നില്ല.സതിയെന്ന ദുരാചാരത്തിലൂടെ ഒരുകൂട്ടം സ്ത്രീ സമൂഹത്തിന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളുമാണ് ചുട്ടെരിക്കപ്പെട്ടിരിക്കുന്നത്.ശൈശവവിവാഹത്തിലൂടെ ബാലികമാർക്ക് അവരുടെ വിദ്യാഭ്യാസത്തിനുള്ള അവസരം നഷ്ടമായിരുന്നു.സ്ത്രീകൾക്ക് വിദ്യാഭ്യാസം നൽകുവാൻ അത്തരമൊരു സമൂഹം താല്പര്യപ്പെടുന്നില്ല. ഇന്ന് കാലം മാറിയിരിക്കുന്നു.കാലത്തിനൊത്ത സ്ത്രീകളും മാറിയിരിക്കുന്നു.അവർ സ്വന്തം അവകാശങ്ങൾക്കുവേണ്ടി യുദ്ധക്കളങ്ങൾ സൃഷ്ടിക്കുവാൻ വരെ തയ്യാറാകുന്നു.എന്നിരുന്നാലും മനുഷ്യ രൂപം ധരിച്ചിരിക്കുന്ന രാക്ഷസന്മാർ പുരുഷ വർഗ്ഗത്തിനിടയിലുണ്ട്.അവരെ സ്ത്രീകൾ ഇന്നും ഭയക്കുന്നു.സ്ത്രീകളുടെ ജീവിതത്തിലെ ചൈത്രയാത്രകൾ അവസാനിക്കുന്നില്ല.ലോകത്തിനു മുന്നിൽ സ്ത്രീകൾക്കാണ് കൂടുതൽ മുൻഗണന എന്നാൽ ആ ലോകത്തിന് പിന്നിലേക്ക് ചെന്നാൽ കാണാം സ്ത്രീകൾനേരിടുന്നവെല്ലുവിളികൾ.സ്ത്രീപ്രപഞ്ചത്തിൽവിവിധരൂപങ്ങളിൽഅവതരിക്കുന്നുഅമ്മയായ്സഹോദരിയായി,മകളായി....എന്നാൽ ആ സ്ഥാനങ്ങൾക്കൊത്ത പരിഗണന അവർക്കു ലഭിക്കുന്നില്ല.

"സ്ത്രീകളുടെ മഹത്വം തിരിച്ചറിയൂ......."

*******************************

മഴച്ചിന്ത്

*******

# സാങ്കേതികവിദ്യ വികസനത്തിന്റെ വഴികാട്ടി .....

സ്നേഹ എം എസ്

ഇരുപതാം നൂറ്റാണ്ടിന്റെ അവസാന നാളുകളിൽ വളർന്നുവന്ന സാങ്കേതികവിദ്യകളുടെയെല്ലാം വളർച്ച ആഗോളവൽക്കരണത്തിന് വളരെയധികം സഹായിച്ചിട്ടുണ്ട് .സാങ്കേതികവിദ്യയുടെ വളർച്ച മനുഷ്യ ജീവിതത്തിൽ പലവിധ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.രാജ്യത്തിന്റെ വികസനത്തിൽ വലിയൊരു പങ്കുവഹിച്ചിരിക്കുന്നത് സാങ്കേതികവിദ്യയാണ്.



എന്നാൽ ഇന്നത്തെ സമൂഹത്തിൽ അതേ സാങ്കേതികവിദ്യകളെയെല്ലാം ദുരുപയോഗവും ചെയ്യുന്നുണ്ട്. ഓരോ ദിവസവും രാജ്യം വികസനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.അതിന്റെയെല്ലാം പിന്നണിയിൽ പ്രവർത്തനസജ്ജമായി നിൽക്കുന്നത് സാങ്കേതിക വിദ്യയാണ്.ഇത്തരം മാധ്യമങ്ങളുടെ ഉപയോഗത്തിലൂടെ യുവതലമുറയുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്നു.ഇന്ന് ലോകത്തിന്റെ ഓരോ ചലനങ്ങളും മനുഷ്യന്റെ കൈവിരൽത്തുമ്പിലാണ്.അതായത് ഏത് വിവരങ്ങളുംഏതുനിമിഷത്തിലുമറിയുവാൻഈസാങ്കേതികവിദ്യകൾസഹായിക്കുന്നുആധുനിക സമൂഹത്തിന്ഇവയെല്ലാംഫലപ്രദവുംഉപകാരപ്രദവുമാണ.വ്യാവസായികമേഖല,വിദ്യാഭ്യാ സരംഗ,വാർത്താവിനിമയരംഗംതുടങ്ങിയപലമേഖലകളിലുംസാങ്കേതികവിദ്യകൾസ്വാധീനം

## മഴച്ചിന്ത്

*******

ചെലുത്തുന്ന.ഇന്ന്സാങ്കേതികവിദ്യകൾഫലപ്രദമായുപയോഗിക്കുന്നവിദ്യാഭ്യാസരംഗത്താണ്.വിദ്യാഭ്യാസ മേന്മ വർധിക്കുന്നതിനായി ക്ലാസ് മുറികളിൽ പ്രൊജക്ടർ,ലാപ്ടോപ്,സ്പീക്കർ തുടങ്ങിയ സംവിധാനങ്ങൾ കൈറ്റിന്റെ കീഴിൽ നൽകിയിരിക്കുന്നു.പാഠപുസ്തകങ്ങളിൽ നിന്നുള്ള അറിവുകളെക്കാൾ കൂടുതൽ അറിവുകൾ ലഭിക്കുന്നതിന് പഠനനിലവാരം മെച്ചപ്പെടുത്താനും ഇവ സഹായപ്രദമാകുന്നുണ്ട്.

മുൻകാലങ്ങളിൽ അതായത് രേഖകളും കണക്കുകളും എഴുതിസൂക്ഷിച്ചിരുന്നകാലഘട്ടം. ഈ കാലഘട്ടത്തിൽ സാങ്കേതികവിദ്യയുടെ അഭാവംപലവിധവെല്ലുവിളികളുംഉയർത്തിയിട്ടുണ്ട്എന്നാൽഅവയ്ക്കെല്ലാംപരിഹാരമായാണ് ഇന്ന് സാങ്കേതികവിദ്യയുടെ കടന്നുവരവ്.താളിയോലകളിലും മറ്റ് ചരിത്ര ഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നവിവരങ്ങൾകാലക്രമേണനശിച്ചുപോകാൻഇടയാകുന്ന.സാങ്കേതിക വിദ്യയുടെകടന്നുകയറ്റംഇതിനെല്ലാംഒരുപരിഹാരമായിമാറിയിരിക്കുന്ന.ടെലിവിഷൻ,മൊബൈൽഫോൺഎന്നമാധ്യമങ്ങൾനിത്യജീവിതത്തിൽഒഴിച്ചുകൂടാനാകാത്തഒന്നായിമാറിയിരിക്കുന്നു.ലോകത്തെയും വ്യക്തികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു ഉപാധിയായി ഈ മാധ്യമങ്ങൾ പ്രവർത്തിക്കുന്നു. ഇവയെല്ലാം ഒഴിവാക്കിക്കൊണ്ടുള്ള ഒരു ദിവസം നമുക്ക് ചിന്തിക്കുവാനാകില്ല.മനുഷ്യമനസ്സിൽ വികസനത്തിന്റെ വിത്തു പാകാൻ ടെക്നോളജിയുടെ ലോകത്തിന് കഴിഞ്ഞിരിക്കുന്നു.

"വികസനത്തിന് സഹായിക്കുന്ന സാങ്കേതിവിദ്യകളെ ദുരുപയോഗം ചെയ്യാതിരിക്കൂ....."

*******************************

# ആഗോളതാപനവും മാനുഷികപ്രവർത്തനങ്ങളും

വിഷ്ണു എസ്

ഹരിതഗൃഹ വാതകങ്ങളുടെ ആധിക്യം മൂലം ഭൗമോപരിതലത്തിന്റെയും അന്തരീക്ഷത്തിന്റെയും താപനില വർധിക്കുന്ന പ്രതിഭാസമാണ് ആഗോളതാപനം. ആഗോളതാപനത്തിനുള്ള കരണമെന്തെന്നാൽ മാനുഷികപ്രവർത്തങ്ങൾ കൊണ്ടും ഹരിതഗൃഹ വാതകങ്ങളായ കാർബൺഡയോക്സൈഡ് ,മീതൈൻ,നൈട്രസ്ഓക്സൈഡ് തുടങ്ങിയവയുടെ അന്തരീക്ഷത്തിലുള്ള അളവ്



വർധിക്കുന്നു.സൂര്യനിൽ നിന്നും ഭൂമിയിലേക്കെത്തുന്ന ചൂടിന്റെ പ്രതിഫലനത്തെ ഈ വാതകങ്ങൾ തടയുകയും ഭൂമിയിലെ താപനില വർധിക്കുകയും ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യം മുതലുണ്ടായ ആഗോളതാപ വർധനവിന്റെ പ്രധാന കാരണം മിക്കവാറും മനുഷ്യനിർമ്മിതമായ ഹരിതഗൃഹ വാതകങ്ങളുടെ അളവിലുണ്ടായ വർധനവാണ്.ഇത് ഹരിതഗൃഹ പ്രഭാവം ചെലുത്തി അന്തരീക്ഷത്തിന്റെ പ്രതല പാളിയിലും താഴ്ന്ന പാളികളിലുമുള്ള താപനില ഉയർത്തുന്നു.പ്രകൃതിയിലെ സ്വാഭാവിക മാറ്റങ്ങളായ സൗരവ്യതിയാനം,അഗ്നിപർവ്വതങ്ങൾ തുടങ്ങിയവയ്ക്ക് വ്യാവസായിക കാലഘട്ടം തുടങ്ങുന്നതിന് മുൻപ് മുതൽ 1950 വരെ ആഗോളതാപനത്തിൽ ഒരു ചെറിയ പങ്കുണ്ടെങ്കിലും 1950 മുതൽ ഇവയ്ക്കൊരു ചെറിയ തണുപ്പിക്കൽ സ്വാധീനമാണ് അന്തരീക്ഷത്തിൽ ഉള്ളത്.മാനുഷിക പ്രവർത്തനങ്ങൾ മൂലം 1750 മുതൽ

## മഴച്ചിന്ത്

*******

അന്തരീക്ഷത്തിലെ ഹരിതഗൃഹ വാതകങ്ങളുടെ അളവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗമാണ് കാർബൺഡയോക്സൈഡിന്റെ വർദ്ധനവിന് കാരണമായതെങ്കിൽ കൃഷിയോടനുബന്ധിച്ചുള്ള പ്രവർത്തനമാണ് മീതൈൻ,നൈട്രസ് ഓക്സൈഡ് എന്നിവയുടെ വർധനവിനുള്ള പ്രധാന കാരണം.കൃഷി സ്ഥലങ്ങളിൽ നിന്നും കന്നുകാലികളിൽ നിന്നും മീതൈൻ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ആഗോളതാപനത്തിന്റെ ഫലമായി ഉയർന്ന ചൂടിന്റെ എൺപത് ശതമാനവും ആഗിരണം ചെയ്യുന്നത് സമുദ്രങ്ങളാണ്.ഇത് മൂലം സമുദ്രജലം 3000 മീറ്റർ ആഴത്തിൽ വരെ ചൂടുപിടിക്കുന്നു.വ്യാപ്തം വർധിക്കുന്ന ജലം സമുദ്രനിരപ്പിൽ കാര്യമായ ഉയർച്ചയ്ക്ക് കാരണമാകുന്നു. കൂടാതെ ധ്രുവപ്രദേശങ്ങളിൽ മഞ്ഞും ഹിമാനിയും ഉരുകുന്നതിന് ഇത് കാരണമാകുന്നു.ആഗോളതാപനം മൂലം മഴ,കാറ്റ്,സമുദ്രത്തിലെ ലവണാംശം എന്നിങ്ങനെ കാലാവസ്ഥയ്ക്ക് കാര്യമായ മാറ്റം കാണുന്നു. മനുഷ്യനടക്കമുള്ള മിക്ക ജീവജാലങ്ങൾക്കും ഈ കാലാവസ്ഥാ മാറ്റങ്ങൾ പ്രതികൂലമായാണ് ഭവിക്കുന്നത്. കാലാവസ്ഥയിലുള്ള അസ്ഥിരത മിക്ക കാർഷിക വിളകളെയും ദോഷകരമായി ബാധിക്കുന്നു.സമുദ്ര നിരപ്പിലുള്ള ഉയർച്ച തീരദേശ നിവാസികളുടെ വാസസ്ഥലം അപഹരിക്കുന്നു.ആഗോളതാപനത്തിന് കാരണമാകുന്ന എല്ലാ പ്രവർത്തനങ്ങളും മനുഷ്യൻ നിർത്തിവച്ചിട്ട് കൂടിയും ഓരോ ദശാബ്ദത്തിലും 0.1 സെൽഷ്യസ് ഉയർച്ച അടുത്ത രണ്ടു ദശാബ്ദങ്ങളിൽ താപനിലയിൽ ഉണ്ടാക്കാമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.ആഗോളതാപനത്തെ തുടർന്നുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം ദരിദ്രരിൽ ദരിദ്രരെ ആയിരിക്കും ഏറ്റവും കൂടുതൽ ബാധിക്കുക എന്ന അന്താരാഷ്ട്ര പാരിസ്ഥിതിക വിദഗ്ധരടങ്ങുന്ന ഇന്റർ ഗവൺമെന്റൽ പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ചിന്റെ പുതിയ റിപ്പോർട്ടിൽ പറയുന്നു. ആഗോളതാപനത്തിന് പ്രതിവിധിയായി കാർ, മോട്ടോർസൈക്കിൾ മുതലായ വ്യക്തിഗത വാഹനങ്ങൾക്ക് പകരം പൊതു ഗതാഗത സംവിധാനങ്ങളോ സൈക്കിളുകളോ ഉപയോഗിക്കുക.ഇതുവഴി കാർബൺഡയോക്സൈഡ്,കാർബൺമോണോക്സൈഡ് തുടങ്ങിയ അന്തരീക്ഷ മലിനീകരണ വാതകങ്ങളുടെ നിരക്ക് കുറയ്ക്കാവുന്നതാണ്.അത്യാവശ്യമില്ലാത്ത വൈദ്യുതോപകരണങ്ങൾ നിർത്തിയിടുക.സമുദ്രജലത്തിൽ അയോൺ സൾഫേറ്റ് വിതറി ആൽഗകളുടെ വളർച്ച

**മഴച്ചിന്ത്**

***********

**ത്വരിതപ്പെടുത്തി കാർബൺഡയോക്സൈഡിന്റെ അളവ് കുറക്കുവാനുള്ള  ലോഹഫക്സ് എന്ന ഒരു പദ്ധതിക്ക് ശാസ്ത്രജ്ഞർ രൂപം കൊടുത്തിട്ടുണ്ട്.ആഗോളതാപനത്തിന് ഉത്തമമായ ഒരു പ്രതിവിധിയാണ് വനവൽക്കരണം.**

**************************************



# തോരാമഴ

## ശാരി എസ് വി

ഇനിയൊന്നു പെയ്യില്ലേ കാർമേഘമേ .

നിൻ വിഷമമൊന്നു കരഞ്ഞു തീരത്തുകൂടെ ...

നിന്റെ മായാജാല തലമിന്ന്

എന്റെ ഹൃദയ തുടിപ്പിന്റെ താളമായി ...



ചൂടിനെ പൊതിയാൻ വരില്ലയോ നീ ...

തോരാ മഴയായി വരില്ലയോനീ ...

എന്റെ മനസ്സിന്റെ ജാലകവാതിൽ

നിന്നെ കാത്തിരിക്കുന്നു ഇന്നും .

ഇന്ദ്രജാലമായ് വരില്ലയോ നീ ...

കാണാക്കിനാവായ്[6] വരില്ലയോ നീ ...


മനുഷ്യ മനസ്സിനെ കുളിരണിയിപ്പാൻ[7]തോരാ മഴയായ് വരില്ലയോ നീ ....

6 കിനാവ് –സ്വപ്നം

7 കുളിരണിയ്ക്കുക –പുളകിതയാക്കുക

*********************************

# William Wordsworth



ബാസിത് മുസ്തഫ

William Wordsworth was born in 1770 in Cockermouth, Cumbria, the scenic mountainous region of Northwest England known as the Lake District. He was the second of five children, sent away to Hawkshead Grammar School after his mother died when he was 8. Five years later, his father died, and the children were sent to live with various relatives. The separation from his orphaned siblings was a severe emotional trial, and after reuniting as adults, William and his sister Dorothy lived together for the rest of their lives. In 1787, William began his studies at St. John's College, Cambridge, with the help of his uncles. Wordsworth's greatest work,The Prelude, is a long, autobiographical poem which was in its earliest versions known only as "the poem to Coleridge." Like Walt

മഴച്ചിന്ത്
*******

Whitman’s Leaves of Grass, it is a work that the poet labored over during most of his long life. Unlike *Leaves of Grass*,*The Prelude* was never published while its author lived. After returning from France, Wordsworth suffered emotionally and financially, but published his first books,An Evening Walkand De*scriptive Sketches*, in 1793. In 1795 he received a small legacy, settled in Dorset with his sister Dorothy and began his most important friendship, with Samuel Taylor Coleridge. In 1797 he and Dorothy moved to Somerset to be closer to Coleridge. Their dialogue (really “Trialogue”--Dorothy contributed her ideas as well) was poetically and philosophically fruitful, resulting in their joint publication of Lyrical Ballads(1798); its influential preface outlined the Romantic theory of poetry.He passed away on23 April 1850 Westmoreland ,England.

********************************

# വേർപാട്[8]

അഹമ്മദ് എ ജെ

എന്നെ തനിച്ചാക്കി നീ പോകും നേരം
ഞാൻ നിന്നെയൊന്ന് കാതോർക്കുവാൻ –
ശ്രമിക്കും ....
ഞാൻ നിന്നെയൊരു കണ്ണനീർ
പൂവായി ഓർത്തെടുക്കും ...
ഞാൻ നിന്റെ നെറ്റിയിൽ
ചുടുചുംബനം നൽകിടും ...
വേദനയിൽ നീയൊരു
കുളിർമ്മയായി എന്നെന്നും
നിലനിൽക്കും ....
എന്റെ ജീവന്റെ താളത്തിൽ
നീയെന്നും താളഭേദമായി ഒഴുകും.
നിന്റെ വേർപാടിൽ എന്റെ
ചിരകാല സ്മരണകൾ [9]അടർന്നുവീഴും .
എന്റെ കണ്ണനീർ നിനക്കായി
പൂവിതളായി പൊഴിഞ്ഞിടും .
എന്റെ സ്വരങ്ങൾ എന്നെന്നും
നിന്നെ തഴുകിടും .
എന്റെ മൃദുലോല
മുടിയിഴകൾ നിന്നിൽ ....
കുങ്കുമച്ചെപ്പായി പടർന്നിടും .
എന്നിൽ നിന്റെ പ്രണയം
മന്ദാരപ്പൂക്കളായി വിടർന്നു നിൽക്കും




8 വേർപാട് –പിരിഞ്ഞു പോകുക
9 സ്മരണ -ഓർമ

********************************

# Funny Maths

ദേവ്യ എസ്



9*9+7 =88

98*9+6 =888

987*9+5 =8888

9876*9+4 =88888

98765*9+3 =888888

987654*9+2 =8888888

9876543*9+1 =88888888

98765432*9+0 =888888888

## മഴച്ചിന്ത്

*******

1*8+1=9

12*8+2 =98

123*8+3=987

1234*8+4=9876

12345*8+5=98765

123456*8+6=987654

1234567*8+7=9876543

12345678*8+8=98765432

123456789*8+9=987654321




*********************************

# മരിക്കുന്ന കാർഷിക സംസ്കാരവും വളരുന്ന സാങ്കേതിക വിദ്യയും

ആരതി പി

ഇത് ഇരുപത്തിയൊന്നാം നൂറ്റാണ്ട്,ജീവിത സാഹചര്യങ്ങളോടൊപ്പം ആധുനിക സാങ്കേതിക വിദ്യകളും വളരുന്ന കാലഘട്ടം.സ്വന്തം പെറ്റമ്മയെ മറന്ന് പോറ്റമ്മയെത്തേടി പോകുന്ന മനുഷ്യ ജന്മങ്ങൾ.സാങ്കേതിക വിദ്യകൾ ആധുനിക സമൂഹത്തിന് ആവശ്യമാണെങ്കിലും അത് ദുരുപയോഗം ചെയ്യുന്ന മനുഷ്യർ ഇന്നത്തെ സമൂഹത്തിൽ വളരെ അധികമാണ്.അവർ ഒരു വ്യക്തിയുടെ സ്വകാര്യ ജീവിതത്തിലും സാമൂഹിക ജീവിതത്തിലും നടത്തുന്ന കടന്നുകയറ്റം ഇന്ന് വർധിച്ചുവരികയാണ്.



കാർഷിക മേഖലക്ക് പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടം കേരളത്തിൽ ഉണ്ടായിരുന്നു. മണ്ണിൽ തൂമ്പ എടുത്തു അധ്വാനിക്കുന്നതിനു പകരം ഫാനിന്റെ ചുവട്ടിൽ വിയർക്കാതെ സർക്കാർ ജോലി ചെയ്യാനാണ് പലരും ആഗ്രഹിക്കുന്നത്. ഇന്നത്തെ സമൂഹത്തിൽ കാർഷിക മേഖല വളരെ ദുർബലമാണ്. മറ്റേതു കാര്യത്തിലും സ്വയംപര്യാപ്തത കൈവരിച്ച കേരളീയർ ഭക്ഷ്യവിഭവങ്ങൾ മാത്രം അന്യ സംസ്ഥാനത്തു നിന്ന് ഇറക്കുമതി ചെയ്യുന്നു.മാരക വിഷാംശമുള്ള ഇത്തരത്തിൽ ഇറക്കുമതി ചെയ്ത ഭക്ഷ്യവിഭവങ്ങൾ കഴിച്ച ഭൂരിഭാഗം കേരളീയ ജനതയും ഇന്ന് ക്യാൻസർ പോലുള്ള രോഗങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു.മണ്ണിൽ കളിച്ച വളർന്നവരും മണ്ണിനെ അടുത്തറിഞ്ഞവരും മാത്രമേ ഇന്ന് കേരളത്തിന്റെ കാർഷിക സംസ്കാരത്തെനിലനിർത്തുന്നുള്ളൂ. ഇന്നത്തെ തലമുറയിലെ കുട്ടികൾ മണ്ണിനെ ഒരു നികൃഷ്ട വസ്തുവായാണ്കാണുന്നത്. കാർഷിക സംസ്കാരത്തോടുള്ള അളവറ്റ സ്നേഹം മനസ്സിൽ

## മഴച്ചിന്ത്

*******

സൂക്ഷിച്ചിരുന്ന ധാരാളം വ്യക്തികൾ ഇന്ന് നാഗരിക ജീവിതത്തിലേക്ക് അടിമപ്പെടുകയാണ്. ഇന്നത്തെ സമൂഹത്തിൽ ജലക്ഷാമം രൂക്ഷമാകുന്നതിനുള്ള പ്രധാന കാരണം പ്രകൃതിക്കുമേൽ മനുഷ്യൻ ചെലുത്തുന്ന ക്രൂരമായ ഇടപെടലുകളാണ്.വളർന്നു വരുന്ന സാങ്കേതിക വിദ്യകൾ ഇന്നത്തെ കാർഷിക സംസ്കാരത്തെ നശിപ്പിക്കുന്നു.ഇന്റർനെറ്റ്, ടീവി,കമ്പ്യൂട്ടർ,സ്മാർട്ഫോൺ തുടങ്ങിയ വാർത്താവിനിമയ സംവിധാനങ്ങളെല്ലാം ഇന്നത്തെ സമൂഹത്തിന് ആവശ്യമാണെങ്കിലും ഇതിനെ ദുരുപയോഗം ചെയ്യുന്ന ഒരു കൂട്ടം ജനത നമുക്കിടയിലുണ്ട്.ഇത്തരം മാധ്യമങ്ങളുടെ അമിത ഉപയോഗം മൂലം രാഷ്ട്രത്തിന്റെ ഭാവിയെ ഇല്ലാതാക്കുന്നു. സാങ്കേതിക വിദ്യയെപ്പോലെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാർഷിക സംസ്കാരം.ആയതിനാൽ കാർഷിക സംസ്കാരത്തിന്റെയും സാങ്കേതിക വിദ്യയുടെയും സന്തുലനം അത്യന്താപേക്ഷിതമാണ്.എന്നാൽ ഇന്നത്തെ സമൂഹത്തിൽ ഇവയുടെ സന്തുലനംസാധ്യമാകുന്നില്ല.കംപ്യൂട്ടർ, സ്മാർട്ഫോൺ എന്നിവയുടെ മുന്നിൽ സമയം ചിലവഴിക്കുന്ന ആധുനികജനത കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള സമയം കണ്ടെത്താൻ മടിക്കുന്നു." ആരോഗ്യ പൂർണ്ണമായ ഒരു സമൂഹത്തിന് കോട്ടം തട്ടാത്ത കാർഷിക മേഖല അത്യന്താപേക്ഷിതമാണ് അതുപോലെ വികസിച്ചു വരുന്ന രാഷ്ട്രത്തിന് സാങ്കേതിക വിദ്യയും അത്യന്താപേക്ഷിതമാണ് ആയതിനാൽ ഇവയുടെ സമന്വയം നമ്മുടെ ഉത്തരവാദിത്വമാണ് .ചിന്തിച്ചു പ്രവർത്തിക്കുക,സമൂഹത്തെ നേർവഴിയിലേക്ക് നടത്താൻ ഒറ്റക്കെട്ടായ പ്രവർത്തനം അനിവാര്യമാണ്."

**************************

മഴച്ചിന്ത്

*******

# ഹൃദയസഖി [10]

## ശാരി എസ് വി



മൺവീണയിൽ ,
ഒഴുകിയെത്തുന്ന ഹൃദയതാളം.
വാക്കുകളിൽ ഒഴുകിയെത്തുന്ന
മൃദുഗന്ധം ,
ഹൃദയത്തിൽ തഴുകിയെത്തുന്ന
ലോല[11]താളം...
നിന്റെ മയില്പ്പീലിച്ചിറകിൽ
ഒളിപ്പിച്ചുവെച്ചൊരു,
ഓടകുഴൽപോലെ ,
നിന്റെ ശബ്ദത്താൽ ,
പതിഞ്ഞൊരു നാദഭേദം.....
നിന്റെ സ്പർശനത്താൽ
അലിഞ്ഞെത്തുന്ന നിത്യവസന്തം .
നിന്റെ മനസിന്റെ പടിക്കെട്ടിൽ ,
എവിടെയോ ഒരു തണലായി ,
മാറുന്ന  നിമിഷം ഞാൻ പോലുമറിയാതെ ,
എന്റെ കിനാവുകളിൽ എപ്പോഴോ ,
തങ്ങിനിൽക്കവേ ഹൃദയത്തോടൊപ്പം ,
ഇപ്പോഴും നിന്നെ ചേർത്ത് നിർത്തവേ ,
അവൾ ഒരു രാപ്പാടിപ്പക്ഷി പോൽ അലഞ്ഞുതിരിയവേ,
നീയോ അവൾക്കുവേണ്ടി   സ്വപ്നങ്ങൾ നെയ്തെടുക്കുന്നു....


---

10 സഖി -പ്രണയിനി

11 ലോലം -ഇളം

********************************

# आचार्य चाणक्य के सर्वश्रेष्ठ अनमोल विचार



ആരതി പി

- "जैसे एक बछड़ा हज़ारो गायों के झुंड मे अपनी माँ के पीछे चलता है। उसी प्रकार आदमी के अच्छे और बुरे कर्म उसके पीछे चलते हैं।"~आचार्य चाणक्य


- "विद्या को चोर भी नहीं चुरा सकता।"~आचार्य चाणक्य
- "सबसे बड़ा गुरु मंत्र,अपने राज किसी को भी मत बताओ। ये तुम्हे खत्म कर देगा।"~आचार्य चाणक्य
- "आदमी अपने जन्म से नहीं अपने कर्मों से महान होता है।"~आचार्य चाणक्य
- "एक समझदार आदमी को सारस की तरह होश से काम लेना चाहिए और जगह,वक्त और अपनी योग्यता को समझते हुए अपने कार्य को सिद्ध करना चाहिए।"~आचार्य चाणक्य
- "ईश्वर मूर्तियों में नहीं है। आपकी भावनाएँ ही आपका ईश्वर है। आत्मा आपका मंदिर है।"~आचार्य चाणक्य

- "पुस्तकें एक मुर्ख आदमी के लिए वैसे ही हैं,जैसे एक अंधे के लिए आइना।"~आचार्य चाणक्य
- "एक राजा की ताकत उसकी शक्तिशाली भुजाओं में होती है। ब्राह्मण की ताकत उसके आध्यात्मिक ज्ञान में और एक औरत की ताक़त उसकी खूबसूरती,यौवन और मधुर वाणी में होती है।"~आचार्य चाणक्य
- "आग सिर में स्थापित करने पर भी जलाती है। अर्थात दुष्ट व्यक्ति का कितना भी सम्मान कर लें,वह सदा दुःख ही देता है।"~आचार्य चाणक्य
- "आदमी अपने जन्म से नहीं अपने कर्मों से महान होता है।"~आचार्य चाणक्य
- "किसी भी कार्य में पल भर का भी विलम्ब ना करें।"~आचार्य चाणक्य
- "संकट में बुद्धि भी काम नहीं आती है।"~आचार्य चाणक्य
- "जो जिस कार्ये में कुशल हो उसे उसी कार्ये में लगना चाहिए।"

*********************************

# ഹൃദയസ്പർശിനി[12]

ആരതി എസ് എസ്



നാദസ്വരങ്ങൾ ചേർന്നുണരുന്ന
ഒരു സോപാനം ഞാനും
ലോലഹൃദന്തമൊരെ താളത്തിൽ
ഒഴുകുന്നല്ലോ സംഗീതം
ഗാനലോലമതായി
ഒഴുകീ ഹൃദയംനിറയെ.
മേഘമൽഹാർ പൂത്തുവിടർന്നു
ഒരു പുതുമഞ്ജിമ[13]പോലെ .
താളഭേതമത്തൊഴുകിനിറഞ്ഞു
നവകല്ലോലിനി[14]യായി .
സ്നേഹജാലകവാതിൽ തുറന്നു
പാട്ടും ഒരു മൺവീണയതിൽ
ചാലിച്ച മുത്തു സ്നേഹം മണ്ണിൽ
വിതറിഭാവഭേദങ്ങൾ .
ജാലകത്തിൽ ഒഴുകിയിറങ്ങും
ജലകണങ്ങൾ ജലോൽസവമായി .
ആകാശത്തിൽ ഗോപുരമേറി
ദേവകന്യക ഞാൻ നിന്നു.
എൻ നീർമിഴിയിൽ വിരുന്നുവന്നു
മാരിവില്ലുകൾ പക്ഷികൾപോൽ .
സുപ്രഭാതസൂര്യനായി നന്മവെളിച്ചം പകർന്നുനൽകാൻ
പാടിനടക്കും വേഴാമ്പൽ പോൽ എന്നെ തഴുകി ഉണർത്തുന്നു ...

12 സ്പർശനം -തൊടുക

13 മഞ്ജിമ -മനോഹരമായ

14 കല്ലോലിനി -നദി

*******************************

# ആന്ധ്രയിലേക്കൊരു തീർത്ഥാടനം

ആരതി പി

യാത്രകൾ എല്ലാവർക്കും ഇഷ്ടമാണ് .യാത്രകൾ ചെയ്യാൻ ഇഷ്ടമല്ലാത്തവരായി ആരും തന്നെ കാണില്ല ... ഇത്തരത്തിലുള്ള യാത്രകളിലൂടെയാണ് ഓർക്കുമ്പോൾ മധുരകരമായ അനുഭൂതി നൽകുന്ന യാത്രാനുഭവങ്ങൾ ഉടലെടുക്കുന്നത് .എനിക്കും യാത്രകൾ ചെയ്യാൻ



വളരെയധികം ഇഷ്ടമാണ് ...എന്നാൽ യാത്രാനുഭവങ്ങൾ വളരെയേറെ കുറവാണ് .യാത്രാനുഭവങ്ങൾ കുറവാണെങ്കിലും ഓർമപുസ്തകത്തിലെ ഓരോ താളുകൾ മറിക്കുമ്പോഴും ഏറെ ആകർഷിക്കുന്ന ഒരു യാത്രാനുഭവമാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത് .... അന്ന് അതിരാവിലെ തന്നെ ഞങ്ങൾ സഹോദരങ്ങളെല്ലാം ഉറക്കമുണർന്നു .എന്നും രാവിലെ ഉണർന്നു കഴിഞ്ഞാൽ ഒരു തല്ലുകൂടൽ ഉറപ്പാ .പക്ഷെ അന്ന് അതുണ്ടായില്ല ,എല്ലാവരും ദൂരയാത്രക്കുള്ള തയ്യാറെടുപ്പിലായിരുന്നു .ഞാൻ എല്ലാം നേരത്തെ തന്നെ ചെയ്തു തീർത്തതിനുശേഷം റെയിൽവേ സ്റ്റേഷനിലേക്ക് പോകുവാനുള്ള വാഹനം വരുന്നുണ്ടോ എന്ന് നോക്കി .അൽപ സമയത്തിനുള്ളിൽ വാഹനം വീട്ടുമുറ്റത്തെത്തി .ആദ്യം തന്നെ ഞാൻ അതിൽ കയറി സ്ഥാനമുറപ്പിച്ചു .എല്ലാവരും എനിക്ക് പിന്നാലെ വന്നു വാഹനത്തിൽ കയറി .ആ വാഹനം മുന്നോട്ടു നീങ്ങുമ്പോൾ മനസ്സ് നിറയെ ഒരു പുതിയ പ്രദേശത്തെ കാണുവാനുള്ള തിടുക്കവും ,ആകാംഷയുമായിരുന്നു .സ്റ്റേഷനെത്തി ഏകദേശം

## മഴച്ചിന്ത്

*******

ആറര മണിയോടടുത്തിരുന്നു സമയം .ഞങ്ങൾക്കുള്ള ട്രെയിൻ ഏഴര മണിക്കായിരുന്നു .സമയം ഏഴരയോടടുത്തിരുന്നു ഞങ്ങൾ കുട്ടികളുടെ മനസ്സിൽ ആഹ്ലാദം തിരതല്ലി. ട്രെയിനിനുള്ളിൽ കയറിയപ്പോൾ ജനാലക്കരികിൽ ഞാൻ സ്ഥാനമുറപ്പിച്ചു .അഞ്ചു മിനുട്ട് മാത്രമേ ട്രെയിൻ അവിടെ നിന്നുള്ളൂ .അത് വളരെ സാവകാശം മുന്നോട്ടു നീങ്ങി .എന്റെ മനസ് നിറയെ മറ്റൊരു സംസ്ഥാനത്തിന്റെ നല്ല കാഴ്ചകളായിരുന്നു .രാവിലെ ആയതിനാൽ ജോലിക്കായി പോകുന്ന ഉദ്യോഗസ്ഥരെക്കൊണ്ട് തിങ്ങി നിറഞ്ഞിരുന്നു . കുറെയേറെ മുൻപോട്ടുപോയപ്പോൾ ട്രെയിനിലെ തിരക്കൊഴിഞ്ഞിരുന്നു . ഉച്ച സമയമായപ്പോൾ ഞങ്ങൾ ഏകദേശം പാലക്കാട്ടു കഴിഞ്ഞിരുന്നു . തമിഴ്നാട് എത്താറായി എന്ന സൂചന എനിക്ക് ലഭിച്ചത് നിറയെ മലകൾ കണ്ടപ്പോഴാണ്. വൈകുന്നേരമായപ്പോൾ ഞങ്ങൾ ആന്ധ്രയോടടുക്കാറായിരുന്നു . സമയം വീണ്ടും മുന്നോട്ടു നീങ്ങിയിരുന്നു .ഏകദേശം സന്ധ്യമയങ്ങിയപ്പോൾ ഞങ്ങൾ തിരുപതി സ്റ്റേഷനിലെത്തി .അവിടെ കുറെയേറെ യാത്രക്കാർ ഇറങ്ങുകയുണ്ടായി .ഞങ്ങൾക്കുള്ള സ്റ്റോപ്പ് അടുത്തതായിരുന്നു ഞങ്ങൾ ബാഗും മറ്റു സാധനങ്ങളും വേഗം ഡോറിനു സമീപത്തേക്കു എടുത്തു വെച്ചു. സ്റ്റേഷൻ എത്തിയതും ആദ്യം ചെറിയച്ഛൻ ഇറങ്ങി .പിന്നീട് ഞങ്ങൾ കുട്ടികളോരോരുത്തരും. സമയം ഏറെ വൈകിയതിനാൽ ഞങ്ങൾ ഒരു ലോഡ്ജിൽ റൂമെടുക്കാൻ തീരുമാനിച്ചു .ലോഡ്ജുകൾ ഒന്നും തന്നെ സ്റ്റേഷന് സമീപം ഉണ്ടായിരുന്നില്ല .അതിനായിഞങ്ങളെ ഒരു ഓട്ടോക്കാരൻ സഹായിച്ചു .അദ്ദേഹത്തിന്റെ ഓട്ടോയിൽ ഞങ്ങളെ കയറ്റി ഇരുട്ട് പരന്ന ആ പാതയിലൂടെ കൊണ്ട് പോയി .അങ്ങനെ ഒരു ലോഡ്ജ് എടുത്തു ഒരു ദിവസത്തേക്ക് അവർ ആവശ്യപ്പെടുന്ന തുക വളരെ കാഠിന്യമേറിയതരത്തിലുള്ളതാണ്. ഞങ്ങളുടെ സാധനങ്ങളെല്ലാം റൂമിൽ വെച്ചതിനുശേഷം പുറത്തേക്കിറങ്ങി .ജനങ്ങൾ നിറഞ്ഞു നിന്ന ആ പാതകളിലൂടെ ഞങ്ങൾ നടന്നു നീങ്ങി .അപ്പോഴാണ് ഞങ്ങൾ കണ്ടത് ,ഒരു സ്ത്രീ തട്ടുകട നടത്തുന്നത് .അവിടെ കയറുന്നതിനു മുൻപ് ഒരു ചെറിയ ചായക്കടയിൽ നിന്നും ചൂടോടെ ചായകുടിച്ചു .വളരെ ചെറിയ ഗ്ലാസിൽ ആയിരുന്നു ചായ നൽകിയത് .അപ്പോൾ ഞാൻ ചിന്തിച്ചു ആന്ധ്രക്കാർ കേരളത്തിൽ വന്നു ചായകുടിക്കുവാണെങ്കിൽ പിന്നെ സ്ഥിരം ചായകുടിക്കാൻ കേരളത്തിൽ വന്നിരുന്നേനെ .അത്രയ്ക്ക് ചെറിയ ഗ്ലാസായിരുന്നു അത്.േ

## മഴച്ചിന്ത്

*******

ചായക്കടയിൽ നിന്നും ഇറങ്ങി ഞങ്ങൾ നേരെ ഒരു സ്ത്രീ നടത്തുന്ന തട്ടുകടയിൽ കയറി ഭക്ഷണം കഴിച്ചു .അവരുടെ ഭാഷ അച്ഛനും ചെറിയച്ഛനും ഒക്കെ മനസ്സിലായിരുന്നു എന്തെന്നാൽ അവർ ഇടയ്ക്കിടെ തമിഴ് കൂടി പറയുന്നുണ്ടായിരുന്നു .തിരികെ ലോഡ്ജിലേക്ക് മടങ്ങി. ആന്ധ്രയിലേക്കുവന്നതിനു പിന്നിൽ ഒരു ലക്ഷ്യമുണ്ടായിരുന്നു .അവിടുത്തെ പ്രശസ്ത ശിവക്ഷേത്രമായ കാളഹസ്തി ക്ഷേത്രത്തിൽ വന്നതായിരുന്നു ഞങ്ങൾ .വെളുപ്പിന് ഞങ്ങളെല്ലാവരും ദേഹശുദ്ധി വരുത്തി ക്ഷേത്രത്തിലേക്ക് പോയി .വിശാലമായ ക്ഷേത്രം, അവിടുത്തെ ശിവലിംഗം സാധാരണ ക്ഷേത്രങ്ങളിൽ കണ്ടുവരുന്ന ശിവലിംഗത്തെക്കാൾ വളരെയേറെ വലിപ്പമേറിയതായിരുന്നു .ക്ഷേത്രത്തിൽ നിന്നും തിരികെ ഇറങ്ങുമ്പോൾ തിരിഞ്ഞു നോക്കാൻ പാടില്ലെന്ന് ചെറിയച്ഛൻ പറഞ്ഞു .അവിടെ നിന്ന് പുറത്തിറങ്ങി ഞങ്ങൾ ആ സ്ഥലം മുഴുവൻ ചുറ്റി നടന്നു. ക്ഷേത്രത്തിനോട് ചേർന്നൊരു മലയുണ്ട് അതിനു മുകളിൽ രണ്ടു ക്ഷേത്രങ്ങളും .ഞങ്ങൾ ആ മലകയറി. മലകയറുവാൻ പടിക്കെട്ടുകൾ ഉണ്ടായിരുന്നു .പടിക്കെട്ടുകൾ ചെന്നവസാനിക്കുന്നിടം ഒരു ഗേറ്റ് ഉണ്ടായിരുന്നു, അതും തുറന്നകത്തു കയറുമ്പോൾ രണ്ടു ക്ഷേത്രങ്ങൾ ഒന്നിൽ ശിവനും ,മറ്റൊന്നിൽ പാർവതിയും .ക്ഷേത്രങ്ങൾക്കടുത്തായി ഒരു വൃദ്ധൻ ഇരിപ്പുണ്ടായിരുന്നു .അദ്ദേഹം തമിഴ് ഭാഷയാണ് സംസാരിച്ചിരുന്നത് .ക്ഷേത്രങ്ങളിൽ ദീപം കൊളുത്താൻ ആ വൃദ്ധൻ ആവശ്യപ്പെട്ടു .പ്രാർത്ഥനക്കുശേഷംമലമുകളിൽ നിന്നും ആ പ്രദേശത്തിന്റെ ഭംഗി ആസ്വദിച്ചു സമയം അതിവേഗം കടന്നുപോയി .ഞങ്ങൾ പ്രഭാത ഭക്ഷണം കഴിക്കുന്നതിനായി ഒരു ഹോട്ടലിൽ കയറി .അതുകഴിഞ്ഞു ഞങ്ങൾ ആ പ്രദേശം മുഴുവൻ ചുറ്റിക്കണ്ടു .സമയം കഴിയും തോറും ആളുകളെ കൊണ്ട് അവിടം നിറഞ്ഞു .ഞങ്ങൾ തിരികെ ലോഡ്ജിലേക്ക് മടങ്ങി .ഉച്ചയോടടുത്തപ്പോൾ തിരികെ നാട്ടിലേക്കു മടങ്ങുവാനായി ഞങ്ങൾ റെയിൽവേ സ്റ്റേഷനിലേക്ക് പോകുന്നതിനായി ഒരു ടാക്സിയിൽ കയറി .വാഹനം മുന്നോട്ടു നീങ്ങിയപ്പോൾ കാണാൻ കഴിഞ്ഞ കാഴ്ചകൾ വളരെയധികം എന്നെ സന്തോഷിപ്പിച്ചു .കേരളത്തിന്റെ മാത്രം പ്രത്യേകതയായി മലയാളികൾ കരുതുന്ന നോക്കെത്താ ദൂരത്തോളം വിശാലമായികിടക്കുന്ന നെൽവയൽ ആന്ധ്രയിലും ഞാൻ കണ്ടു .ഇന്ന് കേരളത്തിന് ആ പ്രത്യേകത ഇല്ല .അങ്ങനെ റെയിൽവേ സ്റ്റേഷനിലെത്തി .അവിടെ നിന്നും ഉച്ചഭക്ഷണം

## മഴച്ചിന്ത്

*******

കഴിച്ചതിനുശേഷം പ്ലാറ്റ്ഫോമിൽ വന്നു നിന്നു.ഏതാനും നിമിഷങ്ങൾക്കകം ട്രെയിൻ അവിടെ എത്തിയിരുന്നു .ഞങ്ങൾ അതിൽ കയറി .അഞ്ചു മിനുട്ടുകൾക്കുശേഷം ട്രെയിൻ ആന്ധ്രയിൽ നിന്നു യാത്ര തിരിച്ചു .തിരികെ നാട്ടിലേക്കു മടങ്ങുമ്പോൾ വളരെ വിഷമമുണ്ടായിരുന്നു .ഇനിയും വരുമെന്ന ചെറിയച്ഛന്റെ വാക്കുകളിൽ പ്രതീക്ഷയർപ്പിച്ചു കൊണ്ട് മടങ്ങി . ഈ യാത്ര എനിക്കൊരുപാട് പുതിയ അനുഭവങ്ങൾ സൃഷ്ടിച്ചു ,ഒരിക്കലും മറക്കുവാൻ കഴിയില്ല .....

********************************

# മഷിക്കുപ്പിയുടെ അഹങ്കാരം !

അഖിൽ ആർ

ഒരിടത്തൊരിടത്ത് ഒരു മേശയിൽ ഒരു പേനയും മഷിക്കുപ്പിയും താമസിച്ചിരുന്നു .ഒരു പാവത്താനായിരുന്നു പേന. പക്ഷെ മഷിക്കുപ്പിയോ ? അവൻ മഹാ വികൃതിയായിരുന്നു .പേനയിൽ മഷി നിറയ്ക്കേണ്ട സമയമായാൽ മഷിക്കുപ്പി പേനയുടെ കണ്ണ് വെട്ടിച്ച് എവിടെയെങ്കിലും പോയി ഒളിച്ച് നിൽക്കും .പേനയോ ?



അവൻ മഷിക്കുപ്പിയെ തപ്പി നടക്കും. അവൻ അന്വേഷിച്ച് നടക്കുന്നതും കണ്ട് മഷിക്കുപ്പി ഒളിഞ്ഞു നിന്ന് ചിരിക്കും .ഇങ്ങനെ ഇടയ്ക്കിടെ മഷിക്കുപ്പി പേനയെ പറ്റിക്കും. ഒരു ദിവസം ഉണ്ണിക്കുട്ടൻ പേനയെടുത്തു എഴുതാനൊരുങ്ങി .അപ്പോഴോ? അതിൽ ഒരു തുള്ളി മഷിയില്ല ! ഉണ്ണിക്കുട്ടൻ മഷിക്കുപ്പിയെ തിരഞ്ഞു . അതവിടെയെങ്ങും ഇല്ലായിരുന്നു .ഉണ്ണിക്കുട്ടൻ അച്ഛനോട് പറഞ്ഞു പുതിയ മഷിക്കുപ്പി വാങ്ങി . എന്നിട്ട് പേനയിൽ മഷി നിറച്ച് എഴുതി പുതിയ മഷിക്കുപ്പി ഒരു പാവത്താനായിരുന്നു .അവൻ പേനയുമായി വേഗം കൂട്ടായി. പുതിയ മഷിക്കുപ്പിയുടെ വരവ് പേനയെ അത്യധികം സന്തോഷിപ്പിച്ചു എന്നിരുന്നാലും അവൻ പഴയ മഷിക്കുപ്പിയെ തിരയുമായിരുന്നു .പതിയെ ..പതിയെ ..അതും ഇല്ലാണ്ടായി .ഒളിഞ്ഞുനിന്നായാലുംഇതെല്ലം കണ്ട പഴയ മഷിക്കുപ്പിക്ക് സങ്കടവും ദേഷ്യവും സഹിക്കുവാനായില്ല .ഒടുവിൽ ആ പഴയ മഷിക്കുപ്പി വീടുവിട്ടിറങ്ങി . കുറേയേറെ നടന്നതിനാൽ അവൻ ക്ഷീണിച്ചിരുന്നു .ക്ഷീണമകറ്റാൻ അവൻ റോഡിൽ ഒരറ്റത്ത് വിശ്രമിക്കവേ വികൃതികളായ ഒരുപറ്റം കുട്ടികൾ മഷിക്കുപ്പിയെ കാലുകൊണ്ട് ഒരൊറ്റ തട്ട് ..... മഷിക്കുപ്പി തെറിച്ച് ഒരു കല്ലിൽ തട്ടി ചിന്നിച്ചിതറി .അവശേഷിച്ച ജീവൻ കൂടി ഇല്ലാതാകാൻ പോകുന്ന നിമിഷത്തിൽ മഷിക്കുപ്പി ചിന്തിച്ചു ഉണ്ണിക്കുട്ടന്റെ വീട്ടിൽ, പാവത്താനായ പേനയോടൊപ്പം കഴിഞ്ഞിരുന്നെങ്കിൽ ഈ അവസ്ഥ തനിക്കുണ്ടാകുമായിരുന്നില്ല ....... അങ്ങനെ അഹങ്കാരിയും മഹാവികൃതിയുമായിരുന്ന മഷിക്കുപ്പിയുടെ കഥ അവസാനിച്ചു.

## മഴച്ചിന്ത്
*******

ഇന്നത്തെ കാലത്തെ മനുഷ്യർക്ക് സമാനമാണ് ആ മഷിക്കുപ്പി .അഹങ്കാരം മനുഷ്യനും ,മറ്റുജീവികൾക്കും അധികമായാൽ ആപത്താണ് .

*******************************

മഴച്ചിന്ത്
*******

# പരിഹാസത്തിന്റെ ഫലം



## വിഷ്ണു എസ്

അറേബ്യയയിലെ ഒരു വിശാലമായ പട്ടണത്തിൽ ധാരാളം കച്ചവടക്കാർ കച്ചവടം നടത്തിയിരുന്നു. മത്സരക്കച്ചവടങ്ങൾ പലപ്പോഴും അവിടെ നടക്കാറുണ്ട്.അറേബ്യയിലെ ജനങ്ങളെ കൂടാതെ പുറം നാട്ടുകളിൽ നിന്നും കച്ചവടക്കാർ അവിടെ എത്തിയിരുന്നു.എന്നാൽ അവർക്കൊന്നും തന്നെ കച്ചവടം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അവിടം ഭരിക്കുന്ന സുൽത്താനിൽ നിന്ന് അനുമതി വാങ്ങിയിട്ടാണ് കച്ചവടത്തിന് വരുന്നതെങ്കിലും കച്ചവടം ചെയ്യാൻ കഴിഞ്ഞിരുന്നിട്ടില്ല.പരിഹാസത്തിലൂടെ സന്തോഷം കണ്ടെത്തുന്ന ഒരു കച്ചവടക്കാരൻ ആ പട്ടണത്തിൽ ഉണ്ടായിരുന്നു.അലി എന്നാണ് അയാളെ അറിയപ്പെടുന്നത്.പുറം നാട്ടുകളിൽ നിന്നും കച്ചവടത്തിനെത്തുന്ന കച്ചവടക്കാരെ അയാൾ ഓരോരോ കാര്യങ്ങൾ പറഞ്ഞു കളിയാക്കും.കച്ചവടം ചെയ്യാതിരിക്കുവാൻ പല കുതന്ത്രങ്ങളും അയാൾ ചെയ്തിരുന്നു.എല്ലാവർക്കും അയാളെ ഭയമായിരുന്നു.അലിയുടെ ഈ സ്വഭാവം ശരിയല്ല എന്ന് തോന്നിയ കൂട്ടുകാർ അയാളെ പറഞ്ഞു തിരുത്തുവാൻ ശ്രമിച്ചു. അതിലൊരാൾ അലിയോടായി പറഞ്ഞു :"അലി സുഹൃത്തേ നമ്മുടെ നാട്ടിൽ കച്ചവടത്തിനായ് വരുന്നവരെ ഒരിക്കലും പരിഹസിച്ചു മടക്കരുത്.അതത്ര നല്ല സ്വഭാവമല്ല." എന്നാൽ കൂട്ടുകാരുടെ വാക്കുകൾ കേൾക്കുവാൻ അലി തയ്യാറായില്ല.അയാൾ ആ പ്രവണത വീണ്ടും തുടർന്നുകൊണ്ടേയിരുന്നു.പുറം നാട്ടിൽ നിന്നും വരുന്ന കച്ചവടക്കാർക്ക് കച്ചവടം നടത്തുവാൻ കഴിയുന്നില്ലെന്ന് സുല്ത്താന് പരാതി ലഭിച്ചു.സുൽത്താൻ ഈ വാർത്ത കേട്ട് കോപിഷ്ഠനായി.തന്നിൽ നിന്നും അനുവാദം ലഭിച്ചു കച്ചവടത്തിന് വരുന്നവർക്ക് കച്ചവടം ചെയ്യാൻ കഴിയാത്തതിന് കാരണം അറിയുവാൻ സുൽത്താൻ ഉത്തരവിട്ടു. അങ്ങനെ വിവരമറിഞ്ഞു വന്ന സൈനികൻ പറഞ്ഞു . പട്ടണത്തിൽ കച്ചവടം ചെയ്യുന്ന അലി എന്ന വ്യക്തിയെ കാരണമാണ് കച്ചവടക്കാർ കച്ചവടം ചെയ്യാതെ പോകുന്നത്.ഇതറിഞ്ഞ

## മഴച്ചിന്ത്

*******

സുൽത്താൻ ഉടൻതന്നെ അയാളെ സഭയിൽ ഹാജരാക്കുവാൻ പറഞ്ഞു.ഈ കാര്യമെല്ലാമറിഞ്ഞ സുൽത്താന്റെ മകൾ റുബായിയ തന്റെ പിതാവിനോട് പറഞ്ഞു അയാളെ സഭയിൽ ഹാജരാക്കേണ്ട.പകരം അയാളുടെ പ്രവൃത്തിയിലൂടെ തന്നെ അയാളെ നന്നാക്കണം.സുൽത്താനൊന്നും മനസിയിലായില്ല.അങ്ങനെ അടുത്ത ദിവസം രാവിലെ റുബായിയ പരിവാരങ്ങളോ സൈന്യമോ ഇല്ലാതെ പട്ടണത്തിലേക്ക് പുറപ്പെട്ടു.അലി പതിവ് പരുപാടി നടത്തുവാൻ ആരുമില്ലല്ലോ എന്ന ദുഃഖത്തിൽ ഇരിക്കുമ്പോൾ അതാ ഒരു പെൺകുട്ടി കുതിരപ്പുറത്തു വരുന്നു. അവളെ കളിയാക്കിയേക്കാം എന്നയാൾ ചിന്തിച്ചു. അയാൾ അവളുടെ കുതിരയുടെ മുന്നിൽ നിന്നിട്ടു പുച്ഛത്തോടെചോദിച്ചു "എവിടെ പോകുന്നുഎന്നെക്കൂടികൂട്ടാവോ!"എല്ലാവരുംആപെൺകുട്ടിയെതന്നെനോക്കി .അയാൾമറ്റൊരാഗ്രഹവും ആ പെൺകുട്ടിയോട് പറഞ്ഞു.തനിക്ക് കുതിരപ്പുറത്തൊന്നു സവാരിചെയ്യണം. ആ പെൺകുട്ടി കുതിരപ്പുറത്തു നിന്ന് ഇറങ്ങി എന്നിട്ട് അലിയോടായി പറഞ്ഞു "തീർച്ചയായും സോദരാ, നിന്റെ ആഗ്രഹം അതാണെങ്കിൽ കയറിക്കൊള്ളൂ "പട്ടണത്തിലെ ആളുകളെല്ലാം അയാളെ തന്നെ നോക്കുകയാണ്. കുതിരപ്പുറത്തു കയറിയില്ലെങ്കിൽ ആകെ നാണക്കേടാകും.അയാൾ വേഗം കുതിരപ്പുറത്തു ചാടിക്കയറി.ഉടൻ തന്നെ കുതിര ഉച്ചത്തിൽ ശബ്ദമുണ്ടാക്കി കുതിച്ചു പായാൻ തുടങ്ങി.കുതിരപ്പുറത്തിരുന്ന അലി പേടിച്ചു നിലവിളിക്കുവാൻ തുടങ്ങി.കുതിര പട്ടണത്തിൽ നിന്നും ഒരുപാടകലെ എത്തിയപ്പോൾ ആ പെൺകുട്ടി തന്റെ മുഖം മറച്ചിരുന്ന ടുവാല മാറ്റി.പട്ടണവാസികൾ അമ്പരന്നുപോയി .അത് സുൽത്താന്റെ മകൾ റുബായിയ ആയിരുന്നു.രാജകുമാരി പറഞ്ഞു :"പരിഹാസം തൊഴിലാക്കിയിരിക്കുന്ന എല്ലാവർക്കും ഇതിൽ നിന്നും വ്യത്യസ്തമായ ശിക്ഷയായിരിക്കും ലഭിക്കുന്നത്.ആ കുതിര ഇനി കൊട്ടാരത്തിലെ കാരാഗൃഹത്തിലെ നിൽകുകയുള്ളൂ." ഇത്രയും പറഞ്ഞു രാജകുമാരി അവിടെനിന്നും മടങ്ങി.പിന്നീടൊരിക്കലും അലി ആരെയും പരിഹസിച്ചിട്ടില്ല.


**********************************

മഴച്ചിന്ത്

*******

**Ten Principles to make you mature**

**വൈഷ്ണവി വി**



- **Keep life smile**
- **keep your body healthy**
- **Learn to like work**
- **Have a good hobby**
- **Learn to be satisfied**
- **Like people and join hands with them**
- **Make the present moment a success**
- **Learn from experiences**
- **Free your mind from unnecessary worries**
- **Have a life based on certain principles.**

**********************************

# ഭൂമീ നിനക്കായ്

വിഷ്ണു എസ്

ഭൂമീ നിന്നെക്കുറിച്ചു ഞാനെന്തെഴുതും ?
ഭൂമീ നിന്നെക്കുറിച്ചു ഞാനെന്തു ചൊല്ലും ?
വറ്റിവരണ്ട പുഴയുമായ് നീ ,
ഉണങ്ങി മരിച്ച മരവുമായ് നീ ,
കിളികൾക്കു പാറാൻ ഇടം
കൊടുക്കാതെ ,
മീനിനു നീന്താൻ ഇടം കൊടുക്കാതെ ,
മാനിനു ഓടാൻ ഇടം കൊടുക്കാതെ ,
പുല്ലിന് മുളക്കാൻ ഇടം കൊടുക്കാതെ ,
എവിടെക്കിതെവിടേക്ക് മറയുന്നു നീ ....
എവിടെക്കിതെവിടേക്ക് പോകുന്നു നീ ...



*******************************

# ഓർമ്മകൾ

അമർനാഥ് സി എസ്



ഒരിക്കലും മറക്കാത്ത നാളുകൾക്കിനി
ഒരിക്കലും മറക്കാത്ത സ്വപ്നങ്ങൾക്കൊരു
യാത്രയായ് ഞാൻ ഒരു സ്വർഗ്ഗവാതിലിൽ
ഒരു സങ്കല്പ[15]മിനിയുണ്ടെങ്കിൽ
ഞാനതിലോരു  പുഷ്പമാ-
മാകുമെന്നോർത്തോ ....
അതിലൊരു  സായാഹ്ന[16] വിരുന്നുകാരൻ ...
അതിലൊരു സാന്ത്വന മിഴിനീർ[17] തുള്ളികൾ ...
ആരോ വിളിക്കാൻ കാതോർത്തു നിന്നു ഞാൻ
ഒരിക്കലും മറക്കാത്ത സ്വപ്നങ്ങളുമായി .....

*********************************

15 സങ്കൽപം -ഊഹിക്കുക

16 സായാഹ്നം -സന്ധ്യ

17 മിഴിനീർ -കണ്ണുനീർ

# ഭൂമിയുടെ രോദനം[18]

## ആരതി പി



വേനലിൽ ഉരുകി കരയുന്നീ ,
ഭൂമിതൻ വേദനയാരറിയുന്നു ?
ഭൂമിതൻ മേനിയിൽ
മൗനം ഉരുകിയൊലിക്കുന്നു...
വിങ്ങുന്നുമനം .....
കേഴുന്നു നാവുകൾ .....
ഒരു തുള്ളി മഴയ്ക്കായ് ........
മാനവരാശിതൻ പേക്കൂത്തിൽ ,
നശിച്ച ഭൂതലം .
നീയിതു കാണുന്നില്ലേ സോദരാ ...
നീ തന്നെയീ ഭൂമി തൻ ഘാതകൻ ,
നീ തന്നെയീ ഭൂമി തൻ അന്തകൻ ....!

എത്ര തലമുറതൻ സാക്ഷികളിവർ വൃക്ഷങ്ങൾ
വെറും സാക്ഷികളല്ലിവർ ഭൂമിക്കവർ തൂണുകൾ
മാനവന് പ്രാണവായുവും തണലും നൽകിയ ദൈവമിവർ
ജീവനുള്ള എന്തിനും 'അമ്മ ധരണിയും അച്ഛൻ വൃക്ഷവും
എന്തിനു നാം മറക്കുന്നു ,എന്തിനു നാം ഇരിക്കും കൊമ്പ് മുറിക്കുന്നു
ഭൂമിതൻ ജീവദായകരെ എന്തിനു കടപുഴകി വീഴ്ത്തുന്നു
ഹേ മാനവ ഒന്നോർക്ക അവസാന വായുവിനായി നീ പിടക്കുമ്പോൾ
ഒരു പുല്നാമ്പേ ....നിനക്കാശ്രയമായി ഉണ്ടാവൂ .....

---

18 രോദനം -കരച്ചിൽ

********************************

# മലയാളം പഴഞ്ചൊല്ലുകൾ

ശ്യാം കൃഷ്ണൻ




- ആനയുടെ പുറത്ത് ആനക്കാരനിരിക്കുമ്പോൾ നായ് കുരച്ചാൽ അവൻഎത്ര പേടിക്കും
- ആയെങ്കിൽ ഒരു തോക്ക്; പോയെങ്കിൽ ഒരു വാക്ക്.
- ആരാച്ചാരുടെ നോട്ടം പോലെ.
- ആരാൻമാരാൻ ചക്കകട്ടിട്ടു, ശങ്കരന്റെ കുണ്ടിക്ക് വെളഞ്ഞില്.
- ആരാനെ ആറ്റാണ്ടു പോറ്റിയാലും ആരാൻ ആരാൻ തന്നെ.
- ആരാന്റെ അപരാധം വാരിയന്റെ ഊരമേൽ.
- ആരാന്റെ അപരാധത്തിനു വാരിയന്റെ പുരമകൾ എടുത്തു.
- ആരാന്റെ കണ്ണേ നമ്മുടെ കുറ്റം കാണൂ.

## മഴച്ചിന്ത്


*******

- ആരാന്റെ കുട്ടിയെ ആയിരം മുത്തിയാലും ഒന്നു പൊത്തിക്കൂടാ.
- ആരാന്റെ തലയ്ക്ക ഭ്രാന്ത് പിടിച്ചാൽ കാണുന്ന തലക്ക് നല്ല ചേല്.
- ആരാന്റെയും പന്തലിൽ വാഹന്റെ വിളമ്പുകാണണമെങ്കിൽ.
- ആശയുടെ ആധിക്യം ആപത്തിന്നിരിപ്പിടം-
- ആശവലിയോൻ അതാവുപെട്ടുപോം-
- ആശാൻ പിഴച്ചാൽ ഏത്തമില്ല-
- ആശാനക്ഷരംഒന്നുപിഴച്ചാൽ ശിഷ്യന്നക്ഷരം അമ്പത്തൊന്നും-
- ആശാനുകൊടുക്കാത്തതു വൈദ്യനുകൊടുക്കും-
- ആശ്രയം ഇല്ലാത്തവർക്ക് ഈശ്വരൻ ആശ്രയം-
- ആളിൽകുറിയവനെ വിശ്വസിച്ചുകൂടാ-
- ആളില്ലാദുഃഖം അഴുതാലുംതീരാ-
- ആളുണ്ടായാലെന്തുഫലം, ആണുണ്ടായാൽ ഉണ്ട് ഫലം

*******************************

മഴച്ചിന്ത്

*******



Save Our Mother Earth.......................

ശ്യാം കൃഷ്ണൻ

# വർഷകാലം

സിദ്ധാർഥ് എസ്



വന്നല്ലോ വന്നല്ലോ വർഷകാലം ,
വന്നുകഴിഞ്ഞാലോ കഷ്ടകാലം .
വർണ്ണത്തിൽ നീരാടി ,തുള്ളിക്കളിച്ചെത്തും,
തുമ്പിക്കൈ വർണ്ണത്തിൽ വർഷകാലം,
മഴയത്തും മഞ്ഞത്തും
കുളിരായും മഴയായും
കുടച്ചൂടി നിൽക്കുന്ന
വർഷകാലം [19]...
കലിതുള്ളി മഴവന്നു
കനിവില്ലാ മഴയത്തു കലിയുള്ള കാറ്റായ് ,
കലികാലമെത്തുന്ന വർഷകാലം ...

*********************************

19 വർഷകാലം –മഴക്കാലം

# വേഴാമ്പൽ പക്ഷി

മുഹമ്മദ് സാബിത് ജെ എൻ



പൂമുഖപ്പടിയിൽ
നിന്നേയുംകാത്തു ഒരു
വേഴാമ്പൽ പക്ഷി .
തളിരിട്ട മേഘചാരുത.[20]
ഒരു തുളസികതിരേറ്റ
നീയൊരു വണ്ടായ് വന്നു
ഞാൻ നിന്നെ തഴുകി
രാപ്പാടിപക്ഷിപോലെ
ഞാൻ മേനി വിടർത്തി.
പച്ചകൈതോലപോലെ
മനം നിറഞ്ഞു .
സുഗന്ധചാമരം വീശിയപോലെ
ഉള്ളം സുഗന്ധംവിതറി
ചില പൂക്കൾ നിന്നെ
നിരസിച്ചീട്ടുമ്പോൾ
നിന്റെ സവിശേഷഗുണങ്ങളറിയുന്ന
സുവർണ്ണകാലം വന്നിട്ടം
അതുവരെ പറന്നുകൊള്ളൂ
പറന്നുയരൂ ...............

*******************************

20 ചാരുത –സൗന്ദര്യം

# കാറ്റിൻ നാദം

വിഷ്ണുഎസ്



തരുണിമയിൽ തഴുകിവരും
അപ്പുപ്പൻ താടി കളെ ...
ഒഴുകിവരും പൂവിതളിൽ ,
നിഴലുകളാവും ഇതളുകളേ...
പൂവണിയിൽ തെന്നലായി
പൂങ്കാറ്റിൻ കിളിമകളേ...
എൻ ഹൃദയസ്പന്ദനങ്ങൾ
നീയായി നിറയുന്നു ...
എൻ മധുരഗാനലയം
കിളിനാദം[21] പോലൊഴുകി
കട്ടിൽ നീ അലിയുമ്പോൾ
വിണ്ണി[22]ലാകെ പടരുന്നു

*******************************

21 നാദം –ശബ്ദം

22വിണ്ണ് –ആകാശം

# രാപ്പാടിയുടെ അന്ത്യം

സ്നേഹ എം എസ്



ഡിസംബർ മാസത്തിലെ തണുപ്പുള്ള ഒരു പ്രഭാതം .കിഴക്കുവശത്തെ വാതിൽ തുറന്ന് നാരായണിഅമ്മ പുറത്തേക്കുവന്നു.വീടിന്റെ അങ്കണവും നടപ്പാതകളും മഞ്ഞുമൂടികിടക്കുന്നു .നാരായണിഅമ്മ തിണ്ണയിൽ സ്ഥാനമുറപ്പിച്ചു .പതിവ് തെറ്റിക്കാതെ പാൽക്കാരൻനാരായണി അമ്മയുടെ വീട്ടിലെത്തി രാമൻനാരായണിയമ്മയോടായി ചോദിച്ചു :"ഉണ്ണി വരാറായോ നാണിയമ്മേ,ഉണ്ണികുട്ടി വന്നിട്ടുവേണം തെക്കേൽഭഗവതീടെ പിറന്നാൾ ഉത്സവം ഗംഭീരമാക്കുവാൻ."ഒരു ചെറു പുഞ്ചിരിയിലൂടെ നാണിയമ്മ രാമന് ഉത്തരം നൽകി .നാരായണിയമ്മ വീണ്ടും തിണ്ണയിൽ ഇരുന്നു ."എന്തൊരു തണുപ്പാണിത്,അസഹനീയം തന്നെ,ഈ തണുപ്പിൽ നിന്ന് രക്ഷ നേടുവാൻ ഒരു കാപ്പി കുടിച്ചേക്കാം ";നാരായണിയമ്മ തിണ്ണയിൽ നിന്നും എഴുന്നേറ്റ് വീടിനുള്ളിലേക്ക് കയറി സമയം കടന്നുപോയി .സൂര്യന്റെ പ്രകാശം ഒരെത്തിനോട്ടം പോലെ മണിമലഞ്ചോല എന്ന ആ പ്രദേശത്തേക്കടിച്ചു .മഞ്ഞൊന്നു ശമിച്ചപ്പോൾ കുട്ടിക്കൂട്ടങ്ങൾ വാകമരത്തിന്റെ ചോട്ടിലെ വിശാലമായ സ്ഥലത്തൊത്തുകൂടി.മഞ്ഞിൽ വിവിധ രൂപങ്ങൾ ഉണ്ടാക്കിയും തല്ലുകൂടിയും കളിച്ചുകൊണ്ടിരിക്കെ നാണിയമ്മ കുട്ടികളെ വിളിച്ചു :"കുട്ട്യോളെ ഒന്നിങ്ങട് വെരോ?ഒരൂട്ടം തരുവാനാ."

കുട്ടികൾ വളരെ സന്തോഷത്തോടെ നാണിയമ്മയുടെ വീട്ടിലെത്തി .നാണിയമ്മ നല്കുന്നതെന്താവോ എന്ന ആകാംഷയിൽ ഒരു കുട്ടി ചോദിച്ചു :"എന്താ നാണിമുത്തശി തരുന്നേ?കാണാൻ കൊതിയാകുന്നു."തിരക്ക് കൂട്ടരുത് ,ഇപ്പൊത്തരാം."എന്നുപറഞ്ഞു നാണിയമ്മ കുട്ടികൾക്കെല്ലാവർക്കും കൈ നിറയെ സ്വാദൂറുന്ന ഉണ്ണിയപ്പങ്ങൾ നൽകി .ആഹ്ലാദത്തോടെ അവർ വാകമരത്തിന്റെ ചോട്ടിലിരുന്ന് കഴിച്ചു .അപ്പോഴേക്കും

## മഴച്ചിന്ത്

*******

അവർക്കെല്ലാം ക്ഷീണം അനുഭവപ്പെട്ടതിനാൽ നാണിയമ്മയോട് യാത്ര പറഞ്ഞു മടങ്ങി . ആ സ്ഥലം പഴയതുപോലെ നിശബ്ദമായിത്തീർന്നു .ഏകദേശം പതിനൊന്നുമണി (സമയം)ആയപ്പോൾപോസ്റ്റ്മാൻ രാഘവൻ നായർ മഞ്ഞുനിറഞ്ഞ പാതയിലൂടെ സൈക്കിളും ഉരുട്ടി വരുന്നത് നാണിയമ്മ കണ്ടു ."അല്ല രാഘവനാണോ ഇത് ?"രാഘവൻ :"അതേല്ലോ നാണിയമ്മേ "."കുറെ നാളായല്ലോ രാഘവ കണ്ടിട്ട് ;കുറേനാളായല്ലോ രാഘവ കണ്ടിട്ട് എവിടായിരുന്നു നീയ്?"ഓ അതോ ഒരു ജോലിക്കാര്യത്തിനായ് പുറംനാട്ടിൽ പോയിരുന്നു .ഉവ്വോ.നിനക്കണോ ? അല്ല .കൂടെ ജോലിചെയ്യുന്ന സുഹൃത്തിന്റെ മകൾക്ക്." "ഉം നല്ലത്;ഉണ്ണിയുടെ കത്തുവല്ലതും വന്നോ രാഘവാ ."നാണിയമ്മ ദയനീയമായ മുഖത്തോടുകൂടി ചോദിച്ചു." 'ഒന്നും വന്നില്ല നാണിയമ്മേ.'ദുഖത്തോടെ നാണിയമ്മ പറഞ്ഞു "എവിടവോ എന്റെകുട്ടി ?തനിച്ച ദുഖിക്കുകയാകും ." "ഇല്ലെന്റെ നാണിയമ്മേ ;നമ്മുടെ ഉണ്ണി സാധാരണകുട്ടികളെപ്പോലെയാണോ നമ്മുടെ രാജ്യത്തെ കാക്കുന്നവനാ അവൻ സുഖമായിരിക്കുന്നുണ്ടാവും ."രാഘവൻ നാണിയമ്മയെ സമാധാനിപ്പിക്കുവാൻ വേണ്ടി പറഞ്ഞു . നേരം മയങ്ങി . ത്രിസന്ധ്യാസമയമായി നാണിയമ്മ വിളക്കുകൊളുത്തി പ്രാർത്ഥിച്ചു . തിണ്ണയിലിരുന്നു എല്ലാ ശബ്ദങ്ങളും ശ്രേവിച്ചു .അപ്പോഴാണ് ഒരു മധുരമായ ഗാനം കേട്ടത് . കേട്ടുമറന്ന പാട്ടുകളുടെ ഈണം പോലെ . നോക്കിയപ്പോൾ വാകമരത്തിന്റെ കൊമ്പിലിരുന്ന്ഒരു രാപ്പാടി അതിമനോഹരമായി പാടുന്നു . ആ ഗാനത്തിൽ നാണിയമ്മ ലയിച്ചിരുന്നു .

നേരം ഒരുപാടു മയങ്ങി. നാരായണിഅമ്മ അത്താഴം കഴിച്ചു പ്രാർത്ഥിച്ചു കിടന്നു. പിറ്റേ ദിവസം രാവിലെ നാണിയമ്മ വാതിൽതുറന്നപ്പോൾ അതാ മുമ്പിൽ രാഘവൻ. "ആരാഅത് ?"കണ്ണിന്റെ കാഴ്ചയൊക്കെ പോയി ." "ഞാനാ നാണിയമ്മേ രാഘവൻ ."ഉവ്വോ .എന്താ രാഘവാ പുലർച്ചെതന്നെ " "ഒരു സന്തോഷ വാർത്തയുണ്ട് .അത് പറയുവാൻ വൈകിക്കണ്ട എന്ന് വെച്ചു." "ഊം എന്താ ?" "ഉണ്ണിയുടെ കത്ത് വന്നു . സത്യം !അതെ സത്യംതന്നെ . "എന്താ അതിൽ ഉണ്ണി പറഞ്ഞിരിക്കണേ?" "വരുന്ന എട്ടാം തീയതി ഉണ്ണി നാട്ടിൽ വരുന്നുണ്ട് ." "ഇത് സത്യമാണോ രാഘവാ ?" "അതെ ഇത് സത്യമാ." ".....ന്റെ കുട്ടി വരുന്നു ." "വൈകിക്കേണ്ട ഉപ്പേരികളൊക്കെ ഉണ്ടാക്കട്ടെ. നീ പോയിട്ടു മറ്റന്നാൾ വരൂ ." "ഉം ശരി." അങ്ങനെ കാത്തിരുന്ന ദിവസം വന്നെത്തി . നാടെങ്ങും പറന്നു ഉണ്ണിയുടെ വരവിന്റെ കാര്യം. എല്ലാവരും തങ്ങളുടെ ധീരജവാനെ കാത്തിരിക്കുന്നു .നാണിയമ്മ ഉപ്പേരികളെല്ലാം ഉണ്ടാക്കികഴ്ഞ്ഞു . ആ ദിവസ്സം നേരമൊരുപാട് വൈകിയിട്ടും ഉണ്ണിയെ കാണാൻ കഴിഞ്ഞില്ല . "ഉണ്ണി ഇതുവരെ എത്തിയില്ലല്ലോ,"നാണിയമ്മ ദുഃഖത്തോടെ പറഞ്ഞു.സന്ധ്യ സമയം അടുത്തു.

## മഴച്ചിന്ത്

*******

വാകമരത്തിന്റെ കൊമ്പിലിരുന്ന് രാപ്പാടി പാടുവാൻ തുടങ്ങി . നാണിയമ്മ രാപ്പാടിയോടായി ചോദിച്ചു "ന്റെ രാപ്പാടി ന്താ എന്റെ ഉണ്ണിവരാത്തെ?രാപ്പാടി പാട്ട് തുടർന്നുകൊണ്ടേയിരുന്നു .അടുത്ത ദിവസവും കണ്ടില്ല .അടുത്ത ദിവസം രാവിലെ പോസ്റ്റ്ഓഫീസിലെ ലാൻഫോണിൽ പ്രതീക്ഷിക്കാതെ ഒരു വിളി .രാഘവൻ എടുത്തു ."ഹലോ ആരാത്?" "ഇത് മണിമലഞ്ചോല പോസ്റ്റ്ഓഫീസ് ആണോ ?" "അതേല്ലോ ." "ഉണ്ണിദേവ്.....
ക്യാപ്റ്റൻ ഉണ്ണിദേവ് ." "ഹാ! ഞങ്ങടെ ഉണ്ണി ;അവൻ അടുത്തുണ്ടോ ?" "ക്ഷമിക്കണം ഉണ്ണിദേവ് പ്രതീക്ഷിക്കാതെ ഉണ്ടായ വെടിവയ്പ്പിൽ വീരമൃത്യു വരിച്ചു ." "ന്റെ തെക്കേൽ ഭഗവതി "..... രാഘവൻ സ്തബ്ധനായി നിന്ന് .നാടെങ്ങും ഈ വാർത്ത പരന്നു.നാണിയമ്മ ഒഴികെ .എല്ലാവരും നാടിന്റെ ജവാനെ ഒരിക്കൽ കൂടി കാണുവാൻ വേണ്ടി നാണിയമ്മയുടെ വീട്ടിൽ എത്തി .നാണിയമ്മ വാതിൽ തുറന്നുനോക്കുമ്പോൾ വീടിനു ചുറ്റും ഒരാൾക്കൂട്ടം ."ന്താ എല്ലാവരും ?ന്റെ ഉണ്ണിയെ കാണുവാനാണോ ?ഇന്ന് വരുമായിരിക്കും അല്ലെ രാഘവാ ?" "അതെ ." അങ്ങനെ കുറച്ചു സമയം കഴിഞ്ഞപ്പോൾ മഞ്ഞുനിറഞ്ഞ ആ പാതയിലൂടെ ഒരു വണ്ടി വരുന്നു .പിന്നാലെ നിറയെ ചെറിയ വണ്ടിയും .അത് നാണിയമ്മയുടെ വീട്ടുമുറ്റത്തു നിർത്തി .വാതിൽ തുറന്ന് എന്തോ എല്ലാവരും ചേർന്ന് നാണിയമ്മയുടെ
വീട്ടിലേക്കു കൊണ്ട് വരുന്നു ."ന്താ രാഘവാ അത് ?കണ്ണ് തീരെ പിടിക്കണൂല്യ." രാഘവൻ പറഞ്ഞു "അത് നമ്മുടെ ഉണ്ണിയാ." നാണിയമ്മ "ഉവ്വോ ന്റെ ഉണ്ണി വന്നോ, പിന്നെന്താ അവൻ ന്റെ അടുത്തു വരാതെ ?" രാഘവൻ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞു "നമ്മുടെ ഉണ്ണി പോയി .....നമ്മളെവിട്ടുപോയി .. ഈ നാടുവിട്ടു പോയി ....."ഈ വാക്കുകൾ കേട്ടതും നാണിയമ്മ സ്തബ്ധയായി നിന്ന് .ആരും പ്രതീക്ഷിക്കാതെ ഒരു നിലവിളി . "ന്റെ ഉണ്ണി ...." നീ എന്നെ തനിച്ചാക്കി പോയോ ...." സങ്കടം കൊണ്ട് നിറഞ്ഞ ആ അമ്മമനസ്സ് ചേതനയറ്റു കിടക്കുന്ന തന്റെ ഉണ്ണിയോടായി ചോദിച്ചു. "രാജ്യം കാക്കുവാൻ പോയ നിന്നെ അതെ രാജ്യം തന്നെ ഇല്ലാണ്ടാക്ക്യോ?" ആ അമ്മ വീണ്ടും വീണ്ടും ഉറക്കെനിലവിളിച്ചു .
ഉണ്ണിയുടെ ചേതനയറ്റ ശരീരത്തിന് കൂട്ടായിവന്ന കമാൻഡോസ് ഉണ്ണി എന്ന ക്യാപ്റ്റൻ ഉണ്ണിദേവിന്ഔദ്യോഗിക ബഹുമതികളോടെ ആദരാഞ്ജലികൾ അർപ്പിച്ചു .മനസ്സില്ല മനസ്സോടെ നാടെങ്ങും തങ്ങളുടെ ജവാന് അന്ത്യയാത്ര അയച്ചു .അങ്ങനെ നാളുകൾ അതിവേഗം കടന്നു .ഋതുക്കൾ മാറിമാറിവന്നു .ഉണ്ണി നാടുനീങ്ങിയിട്ടു ഒരു വർഷം തികയുന്നു

## മഴച്ചിന്ത്

*******

ദിവസം .നാണിയമ്മ തിണ്ണയിൽ തികഞ്ഞ ഒറ്റപ്പെടലിൽ സങ്കടത്തോടുകൂടിയിരുന്നു .എന്നും സന്ധ്യാസമയത്തു നാണിയമ്മയ്ക്കു കൂട്ടായി വരുകയും നാണിയമ്മയുടെ സങ്കടത്തിൽ പങ്കാളിയാവുകയും ചെയ്യു രാപ്പാടി അന്ന് മാത്രം നേരത്തേയെത്തി പാട്ടാരംഭിച്ചു .വളരെ ഉച്ചത്തിൽ പാടി .നില്ലുവാൻ പോകുന്ന പാട്ടുപോലെ .രാപ്പാടിയോടായി നാണിയമ്മ പറഞ്ഞു "എനിക്ക് കൂട്ട് നീയാ ,നിന്റെ പാട്ടാ... എന്നെ വിട്ടു പോകരുതേ രാപ്പാടി ..." രാപ്പാടി ദുഃഖത്തിന്റെ ഈണം പാടുവാൻ തുടങ്ങി .... അടുത്ത ദിവസം രാവിലെ നാണിയമ്മ വാതിൽ തുറന്ന് പുറത്തിറങ്ങിയപ്പോൾ തണുത് മരവിച്ചു കിടക്കുന്ന രാപ്പാടി .നാണിയമ്മ പരിഭ്രാന്തയായി അതിനടുത്തേക്കു ഓടി .നോക്കുമ്പോൾ ഏതോ നികൃഷ്ട ജീവി ആ പാവത്തെ ആഹാരമാക്കുവാൻ ശ്രമിച്ചിരിക്കുന്നു .ആ രാപ്പാടി നാണിയമ്മയെ കണ്ടതും തന്റെ അവസാന ശ്വാസം എന്ന നിലയിൽ ഒരു മൂളൽ മാത്രം നാണിയമ്മയെ കേൾപ്പിച്ചുകൊണ്ട് കണ്ണുകളടച്ചു .നാണിയമ്മയുടെ കണ്ണുകൾ നിറഞ്ഞു . "ന്റെ രാപ്പാടി നീയും പോയോ ,എന്നെ വിട്ട് ......ഞാൻ ഏകയായി ....ഞാൻ ഏകയായി ..." അങ്ങനെ ഉരുവിട്ടുകൊണ്ട് നാണിയമ്മ വീട്ടിൽ നിന്നും എങ്ങോട്ടെന്നില്ലാതെ ദൂരേക്ക് നടന്നകന്നു .....

*******************************

**Alphabetical Riddles**

ശ്രീരാഗ് ജെ എസ്

- **which letter is an insect?**

  **B (bee)**

- **which letter is full of water?**

  **C(sea)**

- **which letter wears spectacles?**

  **I(eye)**



- **which letter is a vegetable?**

  **P(pea)**

- **which letter ask question?**

  **Y(why)**

- **which letter is a drink?**

  **T(tea)**

- **a simple sentence containing all alphabets?**

  **A quick brown fox jumped over the lazy dogs.**

# ഒരു അവധിക്കാലത്ത്

## വൈഷ്ണവി വി



മനസ്സിൽ മായാതെ തളം കെട്ടി നിന്ന ഒരു ഓർമ്മയായിരുന്നു അമ്മമ്മയുടെ നാട്ടിൽ പോയ ആ ദിവസം അന്ന് ഞാനും ചേട്ടനും വെളുപ്പിന് ഉണർന്നു .അവിടെ ഉത്സവമാണ് ."മക്കളെ വേഗം കുളിചോള്ളൂ' -വസ്ത്രങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിൽ അമ്മ പറഞ്ഞു .ബാഗുമെടുത്ത് വീട്ടിൽ നിന്നും പടികളിറങ്ങി എല്ലാവരും കാറിനടുത്തെത്തി .തിരക്കേറിയ റോഡിലൂടെ കാർ മുന്നോട്ട് നീങ്ങി .വീതിയേറിയ റോഡ് .തലങ്ങും വിലങ്ങും പായുന്ന വാഹനങ്ങൾ .ഇരു വശത്തും കൂറ്റൻ കെട്ടിടങ്ങൾ .കാൽനടയാത്രക്കാരും വാഹനങ്ങളും .ആകെ ബഹളമയം .റോഡരികിലെ സിഗ്നൽ പോസ്റ്റിൽ ചുവപ്പ് വെളിച്ചം തെളിഞ്ഞതോടെ അച്ഛൻ കാർ നിർത്തി .പച്ച വെളിച്ചം തെളിഞ്ഞു .നിരനിരയായി നിന്നിരുന്ന വാഹനങ്ങൾ മുന്നോട്ട് നീങ്ങി .കാർ പാലത്തിലേക്ക് കയറി . പാലത്തിനു താഴെ നിറഞ്ഞൊഴുകുന്ന പുഴ .തോണിയിലിരുന്ന് പുഴമീനുകളെ പിടിക്കുന്നവരെ നോക്കി ഞങ്ങൾ കൈവീശിക്കാട്ടി .പാലത്തിനപ്പുറത്തുള്ള പാലത്തിലൂടെ തീവണ്ടി കടന്നു പോയി .തീവണ്ടിയിൽ കയറിയിട്ടില്ലാത്തതിനാൽ അതിനെ കാണുന്നതും അതിന്റെ തലത്തിലുള്ള ശബ്ദം കേൾക്കുന്നതും എനിക്ക് കൗതുകമായിരുന്നു .തീവണ്ടി പോയിക്കഴിഞ്ഞപ്പോൾ തീവണ്ടിപ്പാതയിലേക്കു കടക്കാതിരിക്കുവാൻ തടഞ്ഞു വച്ചിരുന്ന ഗേറ്റ് പൊങ്ങി .ഞങ്ങടെ കാർ വീണ്ടും മുന്നോട്ട് നീങ്ങി .നാട്ടിൻപുറത്തിന്റേതായ കാഴ്ചകൾ ഞങ്ങൾ കാറിന്റെ സൈഡ് വിൻഡോയിലൂടെ കണ്ടു തുടങ്ങിയിരുന്നു .സിറ്റിയിലെ തിരക്കുള്ള

## മഴച്ചിന്ത്

*******

റോഡിൽ നിന്നും മാറി നാട്ടിൻപുറത്തിന്റെ തിരക്ക് കുറഞ്ഞ റോഡിലൂടെയായിരുന്നു പിന്നീടുള്ള യാത്ര .റോഡിന്റെ ഇരുവശങ്ങളിലും ഉയർന്നു നിൽക്കുന്ന കെട്ടിടങ്ങൾക്കു പകരം തലയുയർത്തി നിൽക്കുന്ന വൃക്ഷങ്ങൾ മാത്രം .അവ ഞങ്ങളെ സ്വാഗതം ചെയ്യുന്നതായി എനിക്ക് തോന്നി .സിറ്റിയിലെ കൂറ്റൻ ഫ്ളാറ്റുകൾക്കും വീടുകൾക്കും പകരം കൊച്ചു കൊച്ചു വീടുകളായിരുന്നു ഈ നാട്ടിൻപുറത്തിന്റെ സവിശേഷത .ഇടയ്ക്കിടെ പച്ചവിരിച്ച പാടങ്ങൾ.അങ്ങകലെ ഉയർന്ന മലനിരകൾ .പാടത്തിനു നടുവിലൂടെ കളകളമൊഴുകുന്ന തോട് .വരമ്പിൽ നിരന്നു നിൽക്കുന്ന വെള്ള കൊക്കുകൾ .മനോഹരമായ ഈ കാഴ്ചകൾ കണ്ടുകൊണ്ടിരിക്കെ പെട്ടെന്ന് അച്ഛൻ കാർ നിർത്തി .അതോടെ കാഴ്ചകൾ അവസാനിച്ചു .കാർ നിർത്തിയതിന്റെ കാരണം തിരക്കുവാൻ നോക്കിയപ്പോൾ അമ്മമ്മേടെ വീടെത്തിയിരുന്നു.അമ്മമ്മയെ കണ്ട സന്തോഷത്തിൽ ഞാൻ ഓടിച്ചെന്നു അമ്മമ്മയെ വാരിപ്പുണർന്നു .അവിടെ നിന്നും മടങ്ങുമ്പോൾ പാടവും,തോട്ടം ,മരങ്ങളും,കൊച്ചു കൊച്ചു വീടുകളും എന്റെ മനസിനെ വല്ലാതെ സന്തോഷിപ്പിച്ചു .

ആ ഓർമ്മകൾ എന്റെ മനസ്സിൽ മായാതെ തളം കെട്ടി നിൽക്കുന്നു ...............

*******************************

# ഹിമദേവന്റെ മകൾ

അഖിൽ ആർ

വനത്തിനടുത്തുള്ള ഗ്രാമത്തിലായിരുന്നു ഇവാനും അയാളുടെ ഭാര്യ മരിയയും താമസിച്ചിരുന്നത്.പ്രായം ഏറെ ചെന്നിട്ടും അവർക്ക് മക്കൾ ഉണ്ടായില്ല .ഒരു കുഞ്ഞിന് വേണ്ടി കാത്തിരുന്ന് അവർ കാലം കഴിച്ചു. ദിവസങ്ങൾ അതിവേഗംകടന്നു പൊയ്ക്കൊണ്ടേ ഇരുന്നു .അങ്ങനെഒരു മഞ്ഞുകാലം വന്നെത്തി. അതിശക്തമായ മഞ്ഞായിരുന്നു .തണുപ്പകറ്റാൻ ചൂടിന്റെ സാന്നിധ്യം



അത്യാവശ്യമായിരുന്നു .തീ കത്തണമെങ്കിൽ വിറകാവശ്യമാണ് .വിറകിനായി ഗ്രാമത്തിനടുത്തുള്ള വനത്തിൽ പോകണമായിരുന്നു .മനുഷ്യ മാംസം കഴിക്കുവാൻ കൊതിച്ചു നിൽക്കുന്ന വന്യമൃഗങ്ങൾ ആണ് അവിടെ വസിക്കുന്നത്. ഒരേയൊരാശ്വാസം തണുപ്പ് കാലത്തു അവ ഉൾക്കാട്ടിലേക്കു പോകും .അങ്ങനെ ഇവാനും ഭാര്യ മരിയയും വനത്തിലേക്ക് പോയി .തണുപ്പിൽ നിന്ന് രക്ഷ നേടുന്നതിനായി കമ്പിളി വസ്ത്രം ധരിച്ചിരുന്നു ഗ്രാമത്തിനടുത്താണ് ആ വനം,പക്ഷെ അവിടെ ഗ്രാമത്തിലേതുപോലെ മഞ്ഞിന്റെ

തീവ്രതയില്ലായിരുന്നു. ഇവാനും,മരിയയും മരങ്ങളുടെ ചാഞ്ഞു നിന്ന കൊമ്പുകളിൽ നിന്ന് ചെറിയ കമ്പുകൾ ഓടിച്ചെടുത്തു .

ഓടിച്ചെടുത്ത വിറകുകൾ മഞ്ഞു മൂടിയിരുന്ന ഒരു കല്ലിൽ വെച്ചു,വിശ്രമിച്ചു.അപ്പോഴാണ് ഇവാന്റെമനസ്സിൽ ആ പഴയ ഓർമകൾ ഓടിയെത്തിയത്.പഴയ കാലത്തു ഇരുവരും കളിച്ചതും ,മഞ്ഞിൽ പ്രതിമകൾ തീർത്തതും അങ്ങനെ അങ്ങനെ മറക്കാൻ കഴിയാത്ത ഒരായിരം നല്ല ഓർമകൾ .മരിയയോടികാര്യങ്ങൾപങ്കുവച്ചപ്പോൾ മഞ്ഞിൽ വീണ്ടും പ്രതിമകൾ ഉണ്ടാക്കി ആ പഴയ ഓർമ്മകളെ പുതുക്കാൻ അവൾ ആഗ്രഹിച്ചു .ഒരു നിമിഷം ഇവാൻ ഒരു ചെറു പുഞ്ചിരിയോടെ മഞ്ഞിൽ ഒരു പെൺകുട്ടിയുടെ പ്രതിമയുണ്ടാക്കി.

പ്രതിമയെ മനോഹരമാക്കുവാൻ മരിയ തന്റെ മാലയിലെ നീല മുത്തുകൾ കൊണ്ട് കണ്ണുകളും ,ചുവന്ന റിബൺ ഉപയോഗിച്ചു ചുണ്ടുകളും നിർമിച്ചു.മഞ്ഞിൽ തീർത്ത പെൺകുട്ടിയുടെ പ്രതിമ കണ്ട് ഇവാനും, മരിയയും നിറഞ്ഞ കണ്ണുകളോടെ വിറകുമെടുത്തു വീട്ടിലേക്ക് മടങ്ങി. ഇതെല്ലാം കണ്ടുകൊണ്ടു ഒരു വ്യക്തി അവിടെ നിൽപ്പുണ്ടായിരുന്നു.ഫാദർ ഫ്രോസ്റ്റ് എന്ന ഹിമദേവൻ.ഇവാന്റെയും മരിയയുടെയും സങ്കടം കണ്ട് ഹിമദേവന്റെ മനസ്സലിഞ്ഞു .ഹിമദേവൻ അവർ നിർമിച്ച മഞ്ഞു പ്രതിമയുടെ അടുത്തെത്തി അതിനെയൊന്നു സ്പർശിച്ചു. ആ ഗ്രാമത്തിൽ എല്ലായിടത്തും ഹിമക്കാറ്റ് ആഞ്ഞു വീശി. ഗ്രാമവാസികളെല്ലാം തണുപ്പ് സഹിക്കാൻ വയ്യാതെ വീടിനുള്ളിൽ ചുരുണ്ടുകൂടി ഇരുന്നു.ഇവാനും മരിയയും തണുപ്പകറ്റാൻ തീ കഞ്ഞുകൊണ്ടിരിക്കെ പെട്ടെന്ന് വാതിലിൽ ആരോ മുട്ടുന്നത് കേട്ടു.വാതിൽ തുറന്ന അവർ വിസ്മയിച്ചു പോയി. മഞ്ഞിൽ കൊത്തിയെടുത്ത പോലൊരു പെൺകുട്ടി . അവർ മഞ്ഞിൽ തീർത്ത അതേ പെൺകുട്ടി.അവരുടെ കണ്ണുകൾ ആനന്ദ അശ്രുക്കളാൽ നിറഞ്ഞു.തണുപ്പത്തു നിന്ന് വിറക്കുന്നുണ്ടാകും എന്ന് കരുതി അവളെ ഇവാനും ഭാര്യയും വീടിനുള്ളിലേക്ക് ക്ഷണിച്ചു.ഇവാൻ ആ പെൺകുട്ടിയോടായി ചോദിച്ചു :"മോളെ നീ എവിടുന്നു വരുന്നു ?,നിന്റെ മാതാപിതാക്കളൊക്കെ എവിടെ?പെൺകുട്ടി :"എന്റെ മാതാപിതാക്കൾ നിങ്ങളാണ്,എന്നെ ഈ രൂപത്തിൽ വാർത്തെടുത്തതു നിങ്ങളാ....എന്റെ ഈ മനോഹരമായ രൂപത്തിൽ ജീവന്റെ തുടിപ്പുകൾ നൽകിയത് ഹിമദേവനാണ്. ഇതുകേട്ട ഇവാനും ഭാര്യയും അവളെ

**ചേർത്ത് പിടിച്ചു. ദിവസങ്ങൾക്കകം അവർ അവൾക്കൊരു പേര് ഇട്ടു .ആൽപ്സ്.ഹിമദേവൻ നൽകിയ കുഞ്ഞായതിനാൽ അവളെ ആൽപ്സ് എന്ന് വിളിച്ചു.പിന്നീടുള്ള ഇവാന്റെയും മരിയയുടെയും ജീവിതം ആൽപ്സിനു വേണ്ടിയായിരുന്നു.അവർ വളരെ സന്തോഷത്തോടെ ജീവിച്ചു ..... .. ......**

*******************************



## A Friend.....

അപർണ ബി സുനിൽ

Friend is someone we treasure
for friendship is a gift
good friends are like the stars
in the sky........
friend is like a shade of tree
beside a summer way,



friend is like a sun shine
that make a perfect day,
friend is like a flower
that's worn close to the heart,
A friend like a treasure
with which one will not part.
A friend makes the world we live
in a better and happier ...........

*******************************

# Tricky Riddles

വിഷ്ണു എസ്



- X is the father of Y. But Y is not the son of X. How's that possible?

  (Answer:Y is the daughter of X)

- A man dressed in all black is walking down a country lane. Suddenly, a large black car without any lights on comes round the corner and screeches to a halt. How did the car know he was there?

  (Answer: It was day time.)

- A truck driver is going down a one way street the wrong way, and passes at least ten cops. Why is he not caught?

  (Answer:Because he was not driving! He's walking on the side walk.)

- How can a man go eight days without sleep?

(Answer:By sleeping during the night time)

- **If Mr Smith's peacock lays an egg in Mr Jones' yard, who owns the egg?**

  **(Answer:Peacocks don't lay eggs, just peahens.)**

- **If you had only one match, and entered a dark room containing an oil lamp, some newspaper, and some kindling wood, which would you light first?**

  **(Answer:The match.)**

- **Mary's father has five daughters named Mala, Mili, Mele, Molo...Guess what would be the name of the fifth?**

  **(Answer: Mary! She would be the fifth daughter)**

- **What goes up and down, but still remains in the same place?**
  **(Answer:Stairs!)**

*********************************

# പ്രകൃതി സുന്ദരി...

സ്വാതി ജി നായർ



പുലർകാലമണിഞ്ഞുദ്ഭുതലം
കുളിരിൽ കുളിച്ചു നിൽക്കവേ,
വരവായ് പറവകൾ വാനി -
ലലയായ് നിറയും കളകൂജനം.[23]
മഴയിൽക്കുളിർത്ത ധാരാതലം
തളിരും തരുമണിഞ്ഞു നിൽക്കെ
മിഴിയാലത് കണ്ടുണരുവോർ -
ക്കമൃതം വേറെ വേണമോ ?
ശതകോടി വർണ്ണരാജികൾ
ചിതറിച്ചണയുന്ന അംശുമാൻ[24]
മടിയാതെ വിളിക്കയാണുണരാൻ
കർമ്മപഥത്തിലെത്തുവാൻ
ഇരവും പകലുമേകുവാൻ
പതിവായ് ചുറ്റുന്ന മേദിനി[25]
പരിവാരങ്ങളെ നന്നേ
പരിപാലിക്കുന്നു നിത്യവും
സൂര്യരശ്മിതൻ തല്ലേറ്റ് അടർന്നുവീഴുന്ന ഇതളുകൾ.
സൂര്യതാപത്താൽ കൊഴിയുന്ന മൊട്ടുകൾ.
സൂര്യകോപത്താൽ കരിയുന്ന മുകുളങ്ങൾ
പ്രകൃതിനിയമങ്ങളോക്കെയുമാലിഖിതങ്ങൾ
മായ്ച്ചാൽ  മായില്ലൊരിക്കലുമൊന്നുമേതും
ഏതോമരീചിക എന്തോ പ്രഹേളിക നാം വെറും കോലങ്ങൾ കോമരങ്ങൾ

---

23 കളകൂജനം-കിളിമൊഴി
24 അംശുമാൻ -സൂര്യൻ
25 മേദിനി -ഭൂമി

# I Wrote Myself A letter...

ബാസിത് മുസ്തഫ



**I Wrote my self a letter.**
**I mailed it right away.**
**And, sure enough,the carrier,**
**delivered it today.**

**I could not wait to get it.**
**I nearly had to shout**
**I quickly tore the envelope**
**and pulled the letter out.**

**I anxiously unfolded it**
**but now I must concede,**
**I'm clueless as to what it says**
**I haven't learned to read.**

********************************

# ഒ എൻ വി കുറുപ്പ് -ജീവചരിത്രം

## സിദ്ധാർഥ് എസ്



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ എൻ വി കുറുപ്പ് ( 1931-2016). ഒ എൻ വി എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം.കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ എൻ കൃഷ്ണകുറുപ്പിന്റെയും കെ ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 അത്തം നക്ഷത്രത്തിൽ ജനനം. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഏറ്റവും ഇളയമകനാണ് ഒ എൻ വി എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു.തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു . തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-നു ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. ഇപ്പോൾ കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരാണ് .കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം.

## മഴച്ചിന്ത്

*******

ആറുപതിറ്റാണ്ട ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്.1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്.വാർദ്ധക്യ സഹജമായ രോഗത്താൽ 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്തെ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.

*******************************

# ബാല്യം

ആരതി എസ് എസ്

കൈവിട്ടു പോയൊരു അപ്പൂപ്പൻ -
താടിയെ കൈനീട്ടി പിടിച്ചൊരെൻ ബാല്യകാലം ....
അന്തമില്ലാത്തയാ പുഴയോരത്തൊരു
കളിവഞ്ചിയിറക്കി  കളിച്ച കാലം ....
കൊഴിഞ്ഞു വീഴുന്ന ഓരോ സുഖത്താലും,
പൂമാല കോർത്തൊരു  ബാല്യകാലം ...
ഒരു കൊച്ചു കളിവീടിനുളിലെ ലോകത്തെ ,
കൺനിറയെ കണ്ടകാലം ....
കൈവിട്ടു പൊയ്പ്പോയ ബാല്യമെന്നാലും ,
കൈവിട്ടു പോകാത്തൊരോർമ ബാല്യം ..........




കളങ്കമില്ലാതെ ചിരിക്കാൻ കഴിഞ്ഞതും ,
ചെറുവേദനകളിലും കരയാൻ കഴിഞ്ഞതും ,
നിസ്സാരകാര്യത്തിനു പിണങ്ങാൻ കഴിഞ്ഞതും ,
വളരെപ്പെട്ടെന്ന് ഇണങ്ങാൻ കഴിഞ്ഞതും ,
കുസൃതിയാൽ  ചിരി പടർത്താൻ കഴിഞ്ഞതും ,
നിഷ്കളങ്കമായ എൻ ബാല്യത്തിലായിരുന്നു .
ഇനിയൊരിക്കലും തിരിച്ചു ലഭിക്കാത്ത ,
മാധുര്യത്തിന്റെ  വസന്തകാലം സുന്ദരമാമെന്റെ ബാല്യകാലം. ...

********************************

## The Giving Tree....

ആരതി പി

Once there was a tree.......
and she loved a little boy.
And everyday the boy
would come and he
would gather her leaves.
And makes than into
crowns and play king of
the forest.
He would climb up
hertrunk
and swing
fromherbranches
and eat apples.......



And they would hide and play
and when he was tired,
he would sleep in her shades
and the boy loved the tree
very much
and the tree was happy.
But time went by.
And the boy grew older.
And the tree was often alone............

Then one day the boy came to the tree
and the tree said 'come boy;come and
climb up my trunk and swing from my
branches and eat apples and play in my
shade and be happy. ...............

*******************************

മഴച്ചിന്ത്

*******

# മനസ്സ്മന്ത്രിക്കുന്നു

## അഭിജിത് എ എസ്

വിജനമാം വഴിത്താര അതെന്നെ –
യോർമിപ്പിക്കുന്നു നിനക്കുവേണ്ടി
വരാനാളില്ലായിവിടെ...
വാവിട്ടു പാടുന്ന കുരുവിക്കുഞ്ഞോർ –
മിപ്പിക്കുന്നു ,ഇ വഴി
എന്നും വിജനമാണ് .
കാർകൂന്തൽ [26]തഴുകുന്ന കാറ്റെന്നോടു
പറയുന്നു ഈ വഴിയോരമാ–
രെയും കാത്തിരിക്കാറില്ല
ഇതറിയാമെന്നാലും എൻ മനസ്സ്
മന്ത്രിക്കുന്നു, വിധി നിനക്കായ്
കാത്തുവച്ചത് വിദൂരതയിലല്ല....



നിന്നിൽ വരച്ചൊരീ ചിത്രങ്ങൾ പോലും ,
ചൊല്ലുന്നു നീയെത്ര സുന്ദരി ....
സൂര്യകിരണങ്ങൾ മറയുമ്പോൾ
നിന്റെ നെറ്റിയിലെ പൊട്ടുമായുന്ന പോലെ ,
നിൻ മെയ്യിലെ മറുക് പോലെ ...
ചന്ദ്രനും നിന്റെ ശോഭ ഏറ്റുന്നു......

********************************

26 കാർകൂന്തൽ -മുടിക്കെട്ട്

# അമ്മ മലയാളം

## അമർനാഥ് സി എസ്

മലയാളമേ മലനാടിന് ഭാഷേ,

മാധുര്യം കൊള്ളുന്ന മാതൃഭാഷേ

മനതാരിൽ കുളിരേകും അമ്മയെ

നിന്നെ ഞാൻ പണ്ടുപണ്ടിങ്ങനെ വണങ്ങിടുന്നു

ആദ്യാക്ഷരം ഞാൻ കുറിച്ചിടുമ്പോൾ

ആദ്യമുരുവിട്ടും വാക്കണമ്മ

പള്ളിക്കൂടത്തിൽ പടിവാതിലിൽ

ചാരിതേങ്ങിച്ചിരിച്ചും പഠിച്ചവാക്കു



ഗുരുനാഥൻ ചൊല്ലിപറഞ്ഞുവന്ന്

കേരം[27] നിറഞ്ഞോരീ നാടിനെന്നും

ഉജ്ജ്വലമായ് പ്രകാശിക്കുന്നനാളംപോലെ

എന്നും പ്രകാശിക്കുമിയമ്മാമലയാളം ..............

കുളിരുള്ള തെന്നൽ[28]പോൽ

എന്നുമെന്നെൻ മനം .

മലയാള മാധുര്യം ഊറിടുന്നു.


മലയാള മാധുര്യം ഊറിടുന്നു .

*******************************

27 കേരം-തെങ്ങ്
28 തെന്നൽ-ഇളംകാറ്റ്

# Albert Einstein Biography

അഖിൽ ആർ



Born in Germany 1879, Albert Einstein is one of the most celebrated scientists of the Twentieth Century. His theories on relativity laid the framework for a new branch of physics, and Einstein’sE=mc2on mass-energy equivalence is one of the most famous formulas in the world. In 1921, he was awarded the Nobel Prize in Physics for his contributions to theoretical physics and the evolution of Quantum Theory.

Einstein is also well known as an original free-thinker, speaking on a range of humanitarian and global issues. After contributing to the theoretical development of nuclear physics and encouraging F.D. Roosevelt to start the Manhattan Project, he later spoke out against the use of nuclear weapons. Born in Germany to Jewish parents, Einstein settled in Switzerland and then, after Hitler’s rise to power, the United States. Einstein was a truly global man and one of the undisputed genius’ of the Twentieth Century. He published his first scientific paper in 1900, and by 1905 had completed his PhD entitled “A New Determination

**of Molecular Dimensions. In addition to working on his PhD, Einstein also worked feverishly on other papers. In 1905, he published four pivotal scientific works, which would revolutionise modern physics. 1905 would later be referred to as his 'annus mirabilis' Einstein suggested that light doesn't just travel as waves but as electric currents. This photoelectric effect could force metals to release a tiny stream of particles known as 'quanta'. From this Quantum Theory, other inventors were able to develop devices such as television and movies. He was awarded the Nobel Prize in Physics in 1921.**

********************************

# മഴത്തുള്ളികൾ

ശ്യാം കൃഷ്ണൻ

കാത്തിരിപ്പു നിന്റെ കാലൊച്ചകൾക്കായ്
പെയ്യുക നീയെന്റെ കാർമേഘമേ ...
നിന്റെ കാലൊച്ചകൾ ഇന്നെന്റെ
മനസ്സിലെ ഹൃദയമിടിപ്പിന്റെ താളമായ്
മഴയായ് വരിക നീയെൻ മലർസ്വപ്നമേ.
വേനലിൻ മടിയിലേക്ക് ഊർന്നിറങ്ങു
ഉത്സാവനാളിന്റെ മേളക്കൊഴുപ്പോടെ
വരിക നീയെന്റെ മനസ്സിലേക്ക്



നിന്നെ കാണാൻ നിൽക്കുന്ന കണ്ണുകളിൽ
അലതല്ലിയാടാൻ നീ വരില്ലേ ?
മീനത്തിൻ ചൂടിലും വൃശ്ചികമഞ്ഞിലും
കൂടൊന്നു നില്ക്കാൻ നീ വരില്ലേ ?
മനസ്സിന്റെ ഉള്ളിലെ  മധുരമാം ഓർമ്മയായ
നീ എവിടെയും പോകല്ലേ എന്നുമാത്രം.......

.

********************************

# കേഴുന്ന അനാഥത്വം[29]

ദേവ്യ എസ്



ജീവിതത്തിൻ താളുകൾ മറിയുമ്പോൾ,
സുന്ദരമാം നിമിഷങ്ങൾ മായുമ്പോൾ,
അറിയാതെ ഇടനെഞ്ചു പൊട്ടുന്നു .
കേഴുന്നു ഞാൻ വെമ്പുന്നു.
എൻ  മനം തേങ്ങുന്നത് നിങ്ങൾ കാണുന്നുവോ ,
എൻ മനം  കേഴുന്നത് നിങ്ങൾ കേൾക്കുന്നുവോ ,
എൻ ജീവിതം ഒരു കണ്ണുനീർ തുള്ളിയായി മാറുമ്പോൾ ,
ജീവിതം ഒരു നിരാശസാഗര[30]മാകുന്നു ....
എൻ കൂട്ടുകാരനെ വിട്ടുപിരിയുമ്പോൾ .
ഓർമ്മകൾ മാത്രം ബാക്കിയായി..
എൻ പ്രിയ കൂട്ടുകാരേ....


*******************************

29അനാഥത്വം -ഒറ്റപ്പെടൽ

30 സാഗരം-കടൽ

# എന്റെ മുത്തച്ഛൻ

ആരതി പി



വണ്ടിയുടെ മുന്നിലെ വെളിച്ചവും
വെട്ടിത്തിളങ്ങുന്ന മഴത്തുള്ളികളും ..........
കണ്ണഞ്ചിപ്പിച്ച തവളകളെ കൈകുമ്പിളിലാക്കി
വഴിയിൽ നിന്ന് മാറ്റിവയ്ക്കാൻ
ആ വയസ്സൻ ഏറെ തവണ വണ്ടി നിർത്തി
പുറത്തിറങ്ങി
അയാളുടെ നരച്ച തലമുടിക്ക് ചുറ്റും
നനുത്തമഞ്ഞുപോലെമഴത്തുള്ളികൾ
പാറിവീണുകൊണ്ടിരുന്നു .
"നമുക്കിനിയും ഏറെ വഴി പോകേണ്ടതുണ്ട് .
ലോകത്തെ താവളകളെയൊക്കെ രക്ഷിക്കാൻ നമുക്കാവില്ല
മടങ്ങിവരൂ ..........."
എന്നു ഞാനും പറഞ്ഞുകൊണ്ടേയിരുന്നു .
കാലം ചുളിക്കിയ കൈകളിൽ
ജീവന്റെ വഴുവഴുപ്പാൻ തുടുപ്പുമായി ആ വയസ്സൻ
വഴിവക്കന്റെ മുട്ടറ്റമുയർന്ന പുല്ലിൽ
മെല്ലെ നിവർന്നു നിന്ന് ചിരിച്ചുപറഞ്ഞു :
"അതെ ,അവർക്കും പോകേണ്ടതുണ്ട് വഴി ഇനിയുമേറെ ."
*******************************

# ഞാൻ ഗുരു.

മായ എം ആർ

വിസ്മയം വിങ്ങുന്ന കൺകളാലെന്മുന്നിൽ,
തല്പരം നോക്കുന്നു കൊച്ചു കുരുന്നുകൾ.



വ്യത്യസ്ത വർണതാൽമുഗ്ധം നിറഞ്ഞൊരീ
കൊച്ചു മുറിക്കുള്ളിലൊറ്റ വീർപ്പിൽ
കെട്ടഴിച്ചിട്ടൊരു ചിത്ര ശകലങ്ങൾ
പോയ കാലത്തിന്റെ ചിത്രണ ഗാഥകൾ,

കായ വ്യൂഹത്തിന്റെ തത്ത്വ ശാസ്ത്രാദികൾ
കൂട്ടൽകിഴിക്കലിൻ മാസ്മര വിദ്യക,ൾ
ഭാഷാ പ്രവീണന ഗാഥാ പ്രവാഹങ്ങൾ,
സാങ്കേതികത്വത്തിന്റെ മായാ പ്രപഞ്ചങ്ങൾ

ഞാൻ മുന്നിലെന്നോതി ഓടിയെത്തുന്നവർ
താങ്ങുവാനാകാതെ പിന്നിലൊതുങ്ങുവോർ
ഇപ്രഹേളികയ്ക്കൊപ്പം നടക്കുവാൻ കർത്തവ്യ
സാരഥ്യമേല്ക്കുന്നു ഞാൻ ഗുരു.

ദുഃഖിതർ ,സന്തോഷ സഖ്യം തുളുമ്പുവോർ
കൊച്ചു കള്ളങ്ങളെ ഉള്ളിലൊതുക്കുവോർ ,
സ്പഷ്ടമായ് നീരസ സ്വത്വം പുലർത്തുവോർ
ചിത്രങ്ങളെ ന്മുന്നിലെത്ര വിചിത്രങ്ങൾ

ചേർത്തു  പിടിക്കേണമൊക്കെയും കൈവട്ട
ച്ചുറ്റവട്ടത്തിലൊതുക്കിടേണം
നേരിൻ നെറിവിൻ ന്നറിവിൻ നിറവുകൾ
നേർ മ്മയിലൊക്കെയും കോരി നിറയ്ക്കണം

തെറ്റിത്തെറിക്കുവാൻ പാടില്ല യൊക്കെയും

# മഴച്ചിന്ത്

*******

സ്വസ്ഥമായെത്തിച്ചിടേണം യഥാക്രമം
കർത്തവ്യ ഭാരം ചുമലിലേക്കേറ്റുന്നു
കൃത്യവിലോലം   സഹർഷം ഞാൻ  ഗുരു.

എത്ര വിശാരദർ ,എത്ര ഗവേഷകർ
എത്ര വിദ്യാഭ്യാസ തത്ത്വവിചക്ഷണർ ,
എത്രമേൽ സാമൂഹ്യസേവന തല്പരർ
ഇക്കൊച്ചു ലോകത്തില്യ ൾപ്പെടുന്നു  ?

ഒക്കെപടുക്കുവാനി ക്കൈകളാലാകുമോ ?
വിസ്മയം പൂത്തു വിടരുമാ കൺകളിലുറ്റു
നോക്കുമ്പോ ളറിയാതെ യോർക്കുന്നു.
ഉത്തരം തേടാതെ തേടുന്നു ഞാൻ ഗുരു .

********************************



## LITTLE KITES MEMBERS…………….



********************************



## മഴച്ചിന്ത്

*******



ഹരിതവിദ്യാലയം
വിദ്യാഭ്യാസ റിയാലിറ്റി ഷോ
HARITHAVIDYALAYAM EDUCATION REALITY SHOW
Harithavidyalam Educational TV reality show 2017-18
A Quest to select best models in public schools of Kerala
Finalist
Gov. H.S, Avanavanchery, Thiruvananthapuram
VICTERS
Best School Award
Govt. HS Avanavanchery,Thiruvananthapuram
for being selected as one among the best ten finalist schools in the Reality Show for the year 2010-11 for encouraging best practices in the school to attain the curricular and non-curricular milestones.
Education Minister's I.T. Award
2008-09
Government of Kerala
CERTIFICATE
ഗവൺമെന്റ് എച്ച്. എസ്. അവനവഞ്ചേരി
AWARD
FEDERAL BANK